# ബഹു. ജേക്കബ് നരിക്കുഴി അച്ചന്
# ആദരാഞ്ജലികൾ



സേവനപൂർണ്ണമായ ഇടയജീവിതത്തിന്റെയും കഠിനാധ്വാനത്തിന്റെയും ലളിത ജീവിതത്തിന്റെയും മാതൃകയായി വിശ്വാസികൾക്ക് പ്രചോദനമായി മാറിയ ബഹു. ജേക്കബ് നരിക്കുഴി അച്ചൻ 2019 ഏപ്രിൽ 15 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. അച്ചൻ കഴിഞ്ഞ 14 വർഷങ്ങളായി ബത്തേരി കരുണ ഹോസ്പിറ്റലിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവക വെമ്പള്ളി എന്ന സ്ഥലത്ത് നരിക്കുഴി ദേവസ്യ-റോസമ്മ ദമ്പതികളുടെ മകനായി 1928 സെപ്റ്റംബർ 19 ന് ബഹു. ജേക്കബ് നരിക്കുഴി അച്ചൻ ജനിച്ചു. കുറവിലങ്ങാട് സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശ്ശേരി മൈനർ സെമിനാരിയിലും തുടർന്ന് ആലുവ സെമിനാരിയിലും വൈദിക പഠനം പൂർത്തിയാക്കി. 1956 മാർച്ച് 15-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. പാലാ രൂപതയിലെ മറ്റക്കര ഹോളി ഫാമിലി പള്ളിയിൽ അസി. വികാരിയായി വൈദിക ശുശ്രൂഷ ആരംഭിച്ചു. പാലാ രൂപതയിലെ മല്ലികശ്ശേരി, അയ്യംപാറ എന്നീ ഇടവകകളിലെ സേവനത്തിനുശേഷം മലബാറിലേക്ക് കടന്നുവന്ന നരിക്കുഴി അച്ചൻ മാനന്തവാടി സെന്റ് ജോസഫ്സ് പ്രസ്സ് മാനേജറും, ഗിരിദീപം മാസികയുടെ എഡിറ്ററായും സേവനം ആരംഭിച്ചു. തുടർന്ന് കല്ലാനോട്, കൂടരഞ്ഞി, മുള്ളൻകൊല്ലി, നിലമ്പൂർ, തരിയോട്, കല്ലോടി, കൽപ്പറ്റ, കൊളവയൽ എന്നീ ഇടവകകളിൽ സ്തുത്യർഹമായ സേവനം ചെയ്യുകയുണ്ടായി. കല്ലാനോട് പള്ളി, തരിയോട് പള്ളി, കൂടരഞ്ഞി പള്ളിമുറി, മുള്ളൻകൊല്ലി പള്ളിമുറി, മുള്ളൻകൊല്ലി ഹൈസ്കൂൾ, തരിയോട് ഹൈസ്കൂൾ എന്നിവ അച്ചന്റെ കഠിനമായ അദ്ധ്വാനത്തിന്റെയും നേതൃത്വത്തിന്റെയും സ്മാരകങ്ങളാണ്. ദീർഘനാളത്തെ സേവനത്തിനും ദൈവജന ശുശ്രൂഷയ്ക്കും ശേഷം 2005 മെയ് 14-ാം തീയതി ഇടവക ശുശ്രൂഷയിൽ നിന്നും വിരമിച്ചു.

മലബാറിന്റെ പ്രത്യേകിച്ച് വയനാടിന്റെ വികസനത്തിനായി ഏറെ സംഭാവനകൾ നൽകിയ ജീവിതമാണ് അച്ചന്റേത്. മലബാറിന്റെ മണ്ണിൽ വിശ്വാസജീവിതത്തിലേക്ക് അനേകരെ കൈപിടിച്ചുയർത്തി, ദൈവപരി പാലനയിൽ പൂർണ്ണമായും ആശ്രയിച്ച് ഇന്നും അനേകരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വമായിരുന്നു നരിക്കുഴിയച്ചന്റേത്. ലളിത ജീവിതത്തിന്റെ ഉത്തമമാതൃകയായി തന്റെ ജീവിതം ഒരു സങ്കീർത്തന മായി തമ്പുരാന്റെ മുമ്പിൽ അർപ്പിക്കാൻ അച്ചന് കഴിഞ്ഞു. സ്വതസിദ്ധ മായ പുഞ്ചിരിയോടെ എല്ലാവരേയും പരിഗണിക്കാനും ആവശ്യമനു സരിച്ച് സഹായിക്കാനും അച്ചൻ പരിശ്രമിച്ചിരുന്നു. വാർദ്ധക്യത്തിന്റെ ബുദ്ധിമുട്ടുകളിലും സമചിത്തതയോടെ എല്ലാം ദൈവികപദ്ധതിയായി കണ്ട് സ്വീകരിക്കുവാനും അച്ചന് കഴിഞ്ഞു.

2019 ഏപ്രിൽ 17 ബുധനാഴ്ച 12 മണിക്ക് ബത്തേരി കരുണ ഹോസ്പിറ്റലിൽ വച്ച് അഭിവന്ദ്യ ജോർജ്ജ് വലിയമറ്റം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലും നിരവധി വൈദികരുടെയും സന്യസ്തരുടെയും അത്മായരുടെയും സാന്നിധ്യത്തിലും മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗം നടന്നു. തുടർന്ന് മൃതശരീരം ബത്തേരി അസംപ്ഷൻ ഫൊറോന പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യകാർമ്മികത്വ ത്തിൽ ദിവ്യബലി നടന്നു. തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ് മാർ ജോർജ്ജ് ഞരളക്കാട്ടും, ആർച്ചുബിഷപ് മാർ ജേക്കബ് തൂങ്കുഴിയും പാലാ രൂപതാ വികാരി ജനറാൾ മോൺ. അബ്രാഹം കൊല്ലിത്താന ത്തുമലയിലും, ഫാ. ജെയ്സൺ നരിക്കുഴിയും, ഫാ. തോമസ് പൊൻ തൊട്ടിയും, ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളിയും മറ്റ് വൈദികരും സഹ കാർമ്മികരായിരുന്നു. മൃതസംസ്കാര ശുശ്രൂഷയിൽ വചനസന്ദേശം നൽകിയത് ബഹുമാനപ്പെട്ട നരിക്കുഴി അച്ചന്റെ സെമിനാരിയിലെ സഹ പാഠിയായിരുന്ന അഭിവന്ദ്യ തൂങ്കുഴി പിതാവായിരുന്നു. നരിക്കുഴി അച്ചൻ എല്ലാവരോടും സൗമ്യമായി ഇടപെടുന്ന വ്യക്തിയും മലബാറിന്റെ വേറിട്ട ശബ്ദവും ആയിരുന്നുവെന്ന് അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ വൈദികരും സന്യസ്തരും നൂറുകണക്കിന് വിശ്വാസികളും അന്തിമശുശ്രൂഷയിൽ പങ്കുചേർന്നു. ജനപ്രതിനിധികളും സാമൂഹിക രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിലെ ഒട്ടേറെ പ്രമുഖരും അന്തിമോപചാരം അർപ്പിച്ചു.

വി. കുർബ്ബാനയ്ക്കുശേഷം മൃതസംസ്കാര ശുശ്രൂഷയുടെ അവസാനഭാഗം ആർച്ചുബിഷപ് മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുകയും തുടർന്ന് 5 മണിക്ക് ബഹുമാന പ്പെട്ട നരിക്കുഴി അച്ചന്റെ മൃതദേഹം അച്ചന്റെ ആഗ്രഹപ്രകാരം ബത്തേരി അസംപ്ഷൻ പള്ളിയിലെ സെമിത്തേരിയിൽ സംസ്കരിച്ചു. നന്മയുടെയും സേവനത്തിന്റെയും ദീപം അനേകർക്ക് കൈമാറി നിത്യത യിലേക്ക് യാത്രയായ നരിക്കുഴിയച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 മെയ് - 2019 ലക്കം 05**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ........................................................ 07
പുരോഹിതനും അജപാലന ശുശ്രൂഷയും ................ 13
രൂപതാകച്ചേരി വാർത്തകൾ ..................................... 20
മതബോധനരംഗം ....................................................... 23
ചെറുപുഷ്പമിഷൻലീഗ് ............................................ 36
*Department of Youth Ministry* ............................................ 41
കെ.സി.വൈ.എം. ......................................................... 42
കുടുംബപ്രേഷിതത്വം .................................................. 46
സീയോൻ വാർത്തകൾ ............................................... 52
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 54
സാമൂഹ്യ സേവനരംഗം (WSSS) .................................... 57
ബയോവിൻ അഗ്രോ റിസർച്ച് ...................................... 62
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ...................... 65
റേഡിയോ മാറ്റൊലി .................................................... 67
ജയിൽ മിനിസ്ട്രി ....................................................... 74
*Mary Matha Arts & Science College* ......................... 75
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ....................................... 76
ബിഷപ്സ് പ്രോഗ്രാം ..................................................... 77

# സർക്കുലർ

***Circular Letter No. 09/2019***
***Prot. No. 21955/2019***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയും (സി.ബി.സി.ഐ.), കേരള കത്തോലിക്കാ മെത്രാൻ സമിതിയും (കെ.സി.ബി.സി.), സീറോ മലബാർ മെത്രാന്മാരുടെ സിനഡും ചർച്ച ചെയ്ത് തീരുമാനിച്ചിരുന്നതും ഇപ്പോൾ നമ്മുടെ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് ആവശ്യപ്പെട്ടതുമായ രീതിയിൽ രൂപീകരിയ്ക്കപ്പെട്ട Diocesan Safe Environment Committee (DSEC) ഈ ഏപ്രിൽ ഒന്ന് മുതൽ നിലവിൽ വരുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരിക്കുന്നു. അഡ്വക്കറ്റ് റിനു ജോസ് ആണ് Diocesan Safe Environment Committee ഡയറക്ടർ. കമ്മിറ്റിയുടെ നേതൃത്വം ഡയറക്ടർക്കാണ്. അഡ്വക്കറ്റ് സിസ്റ്റർ ജോസിയ എഫ്.സി.സി. കമ്മിറ്റി അംഗവും കമ്മിറ്റിയുടെ ഓഫീസ് അഡ്മിനിസ്ട്രേറ്ററുമാണ്. റിട്ടയേർഡ് പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. ജോസ് ചെറുപ്ലാവിൽ ആണ് കമ്മിറ്റിയിലെ മൂന്നാമത്തെ അംഗം. ആവശ്യം വരുന്ന ക്രമത്തിൽ കൂടുതൽ അംഗങ്ങളെ നിയമിക്കുന്നതാണ്. ഇവർക്ക് പുറമേ കൈകാര്യം ചെയ്യുന്ന കേസുകളുടെ സ്വഭാവം പരിഗണിച്ച് ഓരോ കേസിന്റേയും പരിഗണനയ്ക്കായി കൂടുതൽ നിയമജ്ഞരെയോ മനഃശാസ്ത്രജ്ഞരെയൊ മറ്റ് വിദഗ്ദ്ധരെയോ സമിതിയിലേക്ക് താൽക്കാലികമായി നോമിനേറ്റ് ചെയ്യാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. ഡയറക്ടറുടേയും കമ്മിറ്റിയുടെയും ഓഫീസ് പ്രവർത്തിക്കുന്നത് ദ്വാരക പാസ്റ്ററൽ സെന്ററിലാണ്. തുടക്കത്തിൽ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് രണ്ടര മുതൽ അഞ്ച് മണി വരെയാണ് ഓഫീസ് പ്രവർത്തിക്കുന്നത്.

ഡയറക്ടർക്കും കമ്മിറ്റിക്കും മൂന്ന് പ്രധാന ദൗത്യങ്ങളാണുള്ളത്. ഒന്നാമത്തേത് എല്ലാ സഭാശുശ്രൂഷകർക്കും പ്രായപൂർത്തിയാകാത്തവർക്കും പ്രായപൂർത്തിയായെങ്കിലും ആ രീതിയിൽ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിലുള്ള മുതിർന്നവർക്കും എതിരെയുള്ള പീഢനങ്ങളെ സംബന്ധിച്ച് സഭയുടെയും രാഷ്ട്രത്തിന്റെയും

നിയമങ്ങളിലും പ്രബോധനങ്ങളിലും അറിവും അവബോധവും കൊടുക്കുക എന്നതാണ്. അതിനായി സമയാസമയങ്ങളിൽ പരിശീലന ക്ലാസുകൾ നിശ്ചിത സ്ഥലങ്ങളിൽ വച്ച് നടത്തുകയും പങ്കെടുക്കുന്ന വർക്ക് സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യുന്നതാണ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്നവരുമായി ഇടപഴകുമ്പോൾ സഭാ ശുശ്രൂഷകർ നിർബന്ധമായും പാലിച്ചിരിക്കേണ്ട ചില പരിധികൾ ഉണ്ട്. അതുപോലെ ആ പരിധികൾ ലംഘിച്ചാൽ അല്ലെങ്കിൽ അത്തരം കാര്യങ്ങളിലുള്ള ഉത്തരവാദിത്വങ്ങൾ നിറവേറ്റിയില്ലെങ്കിൽ ഉണ്ടാകാവുന്ന നിയമപരമായ പ്രത്യാഘാതങ്ങളും ഉണ്ട്. അവയെപ്പറ്റിയെല്ലാം ഉള്ള അറിവും ബോധ്യവുമാണ് പരിശീലന ക്ലാസുകളിലൂടെ കൊടുക്കാൻ ലക്ഷ്യ മിടുന്നത്. വൈദികരുൾപ്പെടെ സഭാശുശ്രൂഷകർ ആകാൻ വിളിക്ക പ്പെട്ടവർ എല്ലാവരും ഈ പരിശീലന ക്ലാസുകളിൽ നിർബന്ധമായും പങ്കെടുക്കുകയും സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കുകയും ചെയ്യേണ്ട താണ്. ഇക്കാര്യത്തിൽ ഡയറക്ടർ പുറപ്പെടുവിക്കുന്ന എല്ലാ നിർദ്ദേശ ങ്ങളും കർശനമായി പാലിക്കാൻ എല്ലാ സഭാശുശ്രൂഷകർക്കും ബാധ്യതയുണ്ട്. ആ ക്ലാസുകളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥ മാക്കാത്തവരെ പിന്നീട് ശുശ്രൂഷയിൽ തുടരാൻ അനുവദിക്കുന്നതിൽ പ്രയാസമുണ്ടാകും.

പ്രായപൂർത്തിയാകാത്തവർക്കും പ്രായപൂർത്തിയായെങ്കിലും ആ രീതിയിൽ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയിലുള്ള മുതിർന്ന വർക്കും എതിരെയുള്ള പീഡനം എപ്പോഴും ശാരീരികബന്ധം ആയി ക്കൊള്ളണമെന്നില്ല. നിയമദൃഷ്ട്യാ കുറ്റകരമായിട്ടുള്ള മറ്റ് ധാരാളം കാര്യങ്ങളും ഉണ്ട്. അവയും ഈ വിഭാഗത്തിൽപെടും. മാത്രമല്ല പ്രായപൂർത്തിയാകാത്തവർ എന്ന പദ പ്രയോഗത്തിൽ പതിനെട്ട് വയസ്സ് പൂർത്തിയാകാത്തവർ മാത്രമല്ല ഉൾക്കൊള്ളുന്നത്. ഏത് വിധത്തിലുള്ള പീഡനമായാലും അത് തടുക്കുവാൻ കഴിവില്ലാത്ത എല്ലാവരും ഈ വിഭാഗത്തിൽപെടും.

കമ്മിറ്റിയുടെ രണ്ടാമത്തെ ദൗത്യം പ്രായപൂർത്തിയാകാത്ത വർക്കും നിയമത്തിൽ അവർക്ക് സമാനരായവർക്കും നേർക്കുള്ള പീഡനത്തെപ്പറ്റിയുള്ള പരാതികൾ സ്വീകരിക്കുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യുക എന്നതാണ്. അതിന്റെ ഭാഗമായി ഡയറക്ടർ കുറ്റാരോപിതർക്ക് സമൻസും മറ്റും അയയ്ക്കുമ്പോൾ അവ യഥാവിധി മാനിക്കപ്പെടുകയും നിർദ്ദേശങ്ങൾ അനുസരിക്കപ്പെടുകയും

ചെയ്യേണ്ടതാണ്. അക്കാര്യത്തിൽ വരുത്തുന്ന അകാരണമായ വീഴ്ചകളും ലാഘവ ബുദ്ധിയോടെയുള്ള പ്രതികരണങ്ങളും വളരെ ഗൗരവതരമായി കരുതുകയും മറ്റ് നടപടികളിലേയ്ക്ക് നയിക്കുകയും ചെയ്യാം. ഡയറക്ടർ കമ്മിറ്റിയിൽ നിന്ന് നിയമിക്കുന്ന സബ് കമ്മിറ്റിയായിരിക്കും പരാതികൾ അന്വേഷിക്കുന്നതും റിപ്പോർട്ട് കൊടുക്കുന്നതും. റിപ്പോർട്ടിൽ സൂചിപ്പിക്കുന്ന ശിക്ഷാനടപടി കളായിരിക്കും നടപ്പാക്കപ്പെടുന്നത്. അക്കാര്യത്തിൽ ഇടപെടാൻ രൂപതയിലെ മറ്റ് കാനോനിക സമിതികൾക്ക് പ്രത്യേക അവകാശാ ധികാരങ്ങൾ ഉണ്ടായിരിക്കുന്നതല്ല. മാത്രമല്ല ഈ കമ്മിറ്റി സർക്കാർ നിയമത്തിന്റെ ദൃഷ്ടിയിലും നിലനിൽക്കുന്നതാകയാൽ കമ്മിറ്റിയുടെ തീരുമാനങ്ങൾ അവഗണിക്കാൻ കഴിയില്ല.

പ്രായപൂർത്തിയായെങ്കിലും അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയാത്തവർ എന്ന പദപ്രയോഗത്തിൽ നമ്മുടെ ശുശ്രൂഷക്കായി ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന എല്ലാവരും തന്നെ ഉൾപ്പെടും എന്നതാണ് സത്യം. അതുപോലെ പീഡനം എന്ന വാക്കിൽ ലൈംഗികചുവ യില്ലാത്തതായ പീഢനങ്ങളും ഉൾക്കൊള്ളുന്നു. സ്ത്രീകൾക്ക് നമ്മുടെ സഭയിലും പൊതുസമൂഹത്തിലും അനുഭവപ്പെടുന്ന അവസ്ഥ പ്രായപൂർത്തിയായെങ്കിലും അതനുസരിച്ച് പ്രവർത്തിക്കാൻ കഴി യാത്തവർ എന്ന വിഭാഗത്തിൽ അവരെയും പെടുത്തുന്നു. സ്ത്രീകൾ നമ്മുടെ സമൂഹത്തിൽ അനുഭവിക്കുന്ന വിവേചനവും പീഡനങ്ങളും പ്രത്യേകം ശ്രദ്ധാർഹമാണ്. അത്തരം സാഹചര്യങ്ങളെ നേരിടാൻ നമ്മുടെ രാജ്യം ഒന്നിലധികം നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സഭയിൽ അതിനായി പല നയരേഖകളും ഉണ്ട്. അവരുടെ പരാതികൾ ഈ നിയമങ്ങളുടെയും നയങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും കമ്മിറ്റി പരിഗണിക്കുന്നത്.

സഭാശുശ്രൂഷകർക്ക്, പ്രത്യേകിച്ച് വൈദികർക്ക്, എതിരായുള്ള ഒരു പ്രധാന ആരോപണമാണ് അധികാര ദുഷ്പ്രഭുത്വവും അതിന്റെ ഫലമായി ഉണ്ടാകുന്ന മറ്റ് തിന്മകളും. ആ തിന്മകളിൽ മുൻപന്തിയിൽ നിൽക്കുന്നതാണ് ലൈംഗികവും അല്ലാത്തതുമായ പീഡനങ്ങൾ. വൈദികർക്ക് ജനമനസ്സിലുള്ള ദൈവികത്വവും അവരെ എതിർത്താൽ തങ്ങൾക്ക് കിട്ടാൻ പോകുന്ന ദൈവശിക്ഷയുമെല്ലാം ഈ പീഡനങ്ങൾ പുറത്താകാതിരിക്കാൻ കാരണമാകുന്നു. അക്കാരണത്താൽ അവ ആവർത്തിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു എന്നാണ് പൊതുവായ

വിലയിരുത്തൽ. ആകെയുള്ള വൈദികരിൽ ചെറിയൊരു ശതമാനം പേരാണ് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതെങ്കിലും അതിന്റെ ദുഷ്പ്പേർ നല്ലവരായ ആയിരക്കണക്കിന് വൈദികരുടെ മനോവീര്യം തകർത്ത്കളയുന്ന അവസ്ഥയിൽ കാര്യങ്ങൾ എത്തി നില്ക്കുന്നു. കുറ്റകൃത്യങ്ങൾ ചെയ്യുന്ന വൈദികരെ സംരക്ഷിക്കുന്നു എന്നതാണ് മെത്രാന്മാർക്കെതിരെ ആരോപിക്കപ്പെടുന്ന പ്രധാനകുറ്റം. ഒരു പരിധി വരെയെങ്കിലും ഈ ആരോപണങ്ങൾക്ക് മറുപടിയായിട്ടാണ് സ്വതന്ത്രമായി പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുള്ള ഇവിടെ പരാമർശിക്കപ്പെടുന്ന കമ്മിറ്റിയെ നിയമിക്കണം എന്ന് തീരുമാനിക്കപ്പെട്ടത്. മാത്രമല്ല അത് നമ്മുടെ രാഷ്ട്ര നിയമവുമാണ്.

2019 മാർച്ച് 19 ന് പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പ വത്തിക്കാനിൽ ജോലി ചെയ്യുന്ന കർദ്ദിനാൾമാർ അടക്കമുള്ള എല്ലാവരെയും ഉദ്ദേശിച്ച് പ്രാബല്യത്തിൽ വരുത്തിയ നിയമത്തിൽ ഇക്കാര്യങ്ങളെപ്പറ്റി പറയുന്നത് ശ്രദ്ധാർഹമാണ്. ഈ നിയമങ്ങൾ സഭയിൽ എല്ലാത്തലങ്ങളിലും നടപ്പിൽ വരത്തക്കരീതിയിൽ അധികം താമസിയാതെ തന്നെ നിയമനിർമ്മാണം നടത്തും എന്നും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. *പരിശുദ്ധപിതാവ് പറയുന്നു: പ്രായപൂർത്തിയാകാത്തവരുടെയും ദുർബലരായവരുടെയും സംരക്ഷണം സഭയെയും അതിന്റെ എല്ലാ അംഗങ്ങളെയും ലോകമെമ്പാടും പ്രചരിപ്പിക്കാൻ ഏൽപ്പിച്ചിരിക്കുന്ന സുവിശേഷ സന്ദേശത്തിന്റെ അവിഭാജ്യ ഘടകമാണ്. വാസ്തവത്തിൽ, ക്രിസ്തുതന്നെയാണ് ഏറ്റവും ചെറിയവരും നിസ്സഹായരുമായവരുടെ സംരക്ഷണം നമ്മെ ഭരമേൽപിച്ചിരിക്കുന്നത്: ഇങ്ങനെയുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു (മത്തായി18,5). അതുകൊണ്ട്, പ്രായപൂർത്തിയാകാത്തവരെയും അതിന് സമാനരായ പ്രായപൂർത്തിയായവരെയും സ്വാഗതം ചെയ്യാനും അവരുടെ താത്പര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് അവർക്ക് വേണ്ടി സുരക്ഷിതസാഹചര്യങ്ങൾ ഒരുക്കാനും നമുക്ക് കടമയുണ്ട്. അതിനായി തുടർച്ചയായതും ആഴത്തിലുള്ളതുമായ മനഃപരിവർത്തനം നമ്മളിൽ ആവശ്യമാണ്. അതിന്റെ ഭാഗമായ വ്യക്തിജീവിതത്തിലെ വിശുദ്ധിയും ധാർമ്മിക പ്രതിബദ്ധതയും സുവിശേഷ പ്രഘോഷണത്തിന്റെ വിശ്വാസ്യതയും സഭയുടെ വിദ്യാഭ്യാസ ദൗത്യത്തിന്റെ നവീകരണവും സാധ്യമാക്കുന്നതിൽ വലിയ പങ്കുവഹിക്കും.*

അതുകൊണ്ട് സഭയിൽ ഉറപ്പ് വരുത്തേണ്ട ചില കാര്യങ്ങളുണ്ട്. അവ ഇനി പറയുന്നവയാണ്:

- പ്രായപൂർത്തിയാകാത്തവരുടെയും അവർക്ക് സമാനരായ വരുടെയും അവകാശങ്ങളും ആവശ്യങ്ങളും അറിയുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു സമൂഹം; ശാരീരികമോ മാനസികമോ ആയ ആക്രമണങ്ങൾ അല്ലെങ്കിൽ ദുരുപയോഗം, അവഗണിക്കൽ, ദുഷ്പെരുമാറ്റം അല്ലെങ്കിൽ ചൂഷണം എന്നിവ തടയുന്ന സമൂഹം.
- ദുരുപയോഗങ്ങൾ നിയമാനുസൃത അധികാരികൾക്ക് റിപ്പോർട്ട് ചെയ്യു കയും അത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള അവരുടെ പ്രവർത്തനങ്ങളിൽ അവരുമായി സഹകരിക്കുകയും ചെയ്യുന്ന സമൂഹം.
- കുറ്റകൃത്യങ്ങൾ ചെയ്തവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടു വരുകയും പ്രോസിക്യൂട്ട് ചെയ്യുകയും ചെയ്യുക.
- ചൂഷണം, ലൈംഗിക അധിക്ഷേപം അല്ലെങ്കിൽ മോശം പെരുമാറ്റം തുടങ്ങിയവയെപ്പറ്റിയുള്ള അവരുടെ പരാതികൾ കേൾക്കുകയും അവരെയും അവരുടെ കുടുംബങ്ങളെയും വേണ്ട രീതിയിൽ അനുധാവനം ചെയ്യുകയും ചെയ്യുക.
- ഇരകൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ അജപാലന ശുശ്രൂഷയും ആത്മീയവും വൈദ്യശാസ്ത്രപരവും മാനസികവും നിയമപരവുമായ സഹായങ്ങളും ചെയ്തു കൊടുക്കുക.
- കുറ്റാരോപിതർക്ക് ശരിയായതും നിഷ്പക്ഷവുമായ വിചാരണയും നിയമദൃഷ്ട്യാ അവരുടെ കുറ്റം തെളിയിക്കപ്പെടുന്നതുവരെ അവരുടെ നിരപരാധിത്വം സ്വീകരിക്കപ്പെടുകയും അവർക്ക് ലഭിക്കുന്ന ശിക്ഷ കുറ്റത്തിന് ആനുപാതികമാണെന്നും ഉറപ്പാക്കുക.
- കുറ്റാരോപിതനെ ഉടൻ തന്നെ അയാൾ ആയിരിക്കുന്ന ശുശ്രൂഷാ മേഖലയിൽ നിന്ന് മാറ്റി നിർത്തുകയും അയാൾക്ക് മാനസികവും ആത്മീയവും സാമൂഹ്യവുമായ പുനരധിവാസത്തിന് ആവശ്യ മായവയും ചെയ്യുക.
- വ്യാജമായി കുറ്റാരോപിതരായവരെ പുനരധിവസിപ്പിക്കാൻ സാധ്യമായതെല്ലാം ചെയ്യുക.
- പ്രായപൂർത്തിയാകാത്തവരുടെയും നിയമത്തിൽ സമാനരായ വരുടെയും സംരക്ഷണത്തിന് ബന്ധപ്പെട്ടവർക്ക് വേണ്ടത്ര പരിശീലനം നൽകുക.

Diocesan Safe Environment Committee Director ഉം Diocesan Safe Environment Committee യും ഒരു പരിധിവരെയെങ്കിലും നമ്മുടെ രൂപതയിൽ മേൽപ്പറഞ്ഞ സാഹചര്യം ഉറപ്പാക്കാൻ സഹായകമാകും എന്ന് കരുതുന്നു.

കമ്മിറ്റിയുടെ ഓഫീസ് വിലാസം താഴെക്കൊടുക്കുന്നു:

Director, Diocesan Safe Environment Committee, Pastoral Centre, Dwaraka, Nalloornadu P.O., Mananthavady 670 645. Email: directorsafeenvironment@gmail.com.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2019 ഏപ്രിൽ 18 ന് നൽകപ്പെട്ടത്.

യേശുവിൽ സ്നേഹപൂർവ്വം,

**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- 1. ബഹുമാനപ്പെട്ട വൈദികർ ഈ സർക്കുലർ 2019 മെയ് മാസം 05 ന് ഞായറാഴ്ച എല്ലാ ഇടവകകളിലും വിശ്വാസ സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് വി. കുർബ്ബാനയർപ്പിക്കുന്ന മറ്റെല്ലായിടത്തും കുർബ്ബാനമദ്ധ്യേ വായിക്കേണ്ടതാണ്.

2. കുടുംബക്കൂട്ടായ്മാ യോഗങ്ങളിൽ ബഹുമാനപ്പെട്ട ഭാരവാഹികൾ ഈ സർക്കുലർ വായിക്കുന്നത് ഉപകാരപ്രദമായിരിക്കും.

# പുരോഹിതനും അജപാലന ശുശ്രൂഷയും

മല്പാൻ മാത്യു വെള്ളാനിക്കൽ

**(തിരുവചനഭാഗം: ശ്ലീഹ 15,36–16,40)**

നടപടിഗ്രന്ഥം 15:40 മുതൽ 18:23 വരെയുള്ള വിവരണം പൗലോസ് ശ്ലീഹായുടെ രണ്ടാം പ്രേഷിതയാത്രയെപ്പറ്റിയാണ്. തന്റെ സുവിശേഷപ്രഘോഷണത്തിലൂടെ രൂപംകൊണ്ട വിശ്വാസികളുടെ സമൂഹത്തെ വിശ്വാസത്തിൽ ഉറപ്പിക്കുക എന്നതായിരുന്നു ഈ യാത്ര യുടെ പ്രധാനലക്ഷ്യം (15:36–41). ഒന്നാം പ്രേഷിതയാത്ര സഭയാൽ നിയോഗിക്കപ്പെട്ടതായിരുന്നെങ്കിൽ രണ്ടും മൂന്നും യാത്രകൾ പൗലോസ് സ്വയം തീരുമാനിക്കുന്നതായിട്ടാണ് കാണുന്നത്.

**ഈ വചനഭാഗം അഞ്ചായി തിരിക്കാം:**

1. പൗലോസും ബാർണബാസും തമ്മിൽ അഭിപ്രായവ്യത്യാസം (15,36–41)
2. സഭകൾ വിശ്വാസത്തിൽ ശക്തിപ്പെടുന്നു (16,1–5)
3. ത്രോവാസിലെ ദർശനം (16,6–10)
4. ലീദിയായുടെ മാനസാന്തരം (16,11–15)
5. പൗലോസ് കാരാഗൃഹത്തിൽ (16,16–40)

ഈ വചനഭാഗത്തിന്റെ വെളിച്ചത്തിൽ അജപാലനശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട ചില വശങ്ങൾ നമുക്കു ധ്യാനവിഷയമാക്കാം.

**1. അജപാലനശുശ്രൂഷയും അഭിപ്രായവ്യത്യാസങ്ങളും**

*"മർക്കോസ് എന്നു വിളിക്കപ്പെടുന്ന യോഹന്നാനെക്കൂടി കൊണ്ടുപോകാൻ ബാർണബാസ് ആഗ്രഹിച്ചു. എന്നാൽ, പാംഫീലി യായിൽവച്ച് തങ്ങളിൽനിന്നു പിരിഞ്ഞുപോവുകയും പിന്നീട് ജോലി യിൽ തങ്ങളോടു ചേരാതിരിക്കുകയും ചെയ്ത ഒരുവനെ കൂടെ കൊണ്ടു പോകാതിരിക്കുകയാണ് നല്ലത് എന്നായിരുന്നു പൗലോസിന്റെ പക്ഷം. ശക്തമായ അഭിപ്രായഭിന്നതമൂലം അവർ പിരിഞ്ഞു. ബാർണബാസ് മർക്കോസിനെയുംകൂട്ടി സൈപ്രസിലേക്കു കപ്പൽ കയറി"* (15,37–39).

ഒന്നാം പ്രേഷിതയാത്രയിൽ ഒന്നിച്ചു പ്രവർത്തിച്ച പൗലോസും ബാർണബാസും തമ്മിൽ, അഭിപ്രായഭിന്നതയുടെ പേരിൽ, പിരിയുവാ നിടയായ സംഭവമാണ് ഇവിടെ വിവരിക്കുന്നത്. മർക്കോസിനെച്ചൊല്ലി യാണ് ഇതുണ്ടായത്. സൈപ്രസിൽ ശ്ലീഹന്മാരോടുകൂടി സുവിശേഷ പ്രഘോഷണത്തിൽ ഏർപ്പെട്ടിരുന്ന മർക്കോസ് (13,5) പാംഫീലിയാ യിൽവച്ച് അവരെ വിട്ടുപോയിരുന്നു (13,13). മർക്കോസിൽ കണ്ട ഈ

ന്യൂനതയാണ് അയാളെ കൂടെകൊണ്ടുപോകുവാൻ പൗലോസിനു തടസ്സമായത്. എന്നാൽ മർക്കോസിന്റെ ഈ ന്യൂനത ബാർണബാസിന് അയാളെ കൂടെകൊണ്ടുപോകുവാൻ തടസ്സമായി തോന്നിയില്ല. ഒരു പക്ഷേ, മർക്കോസ് ബാർണബാസിന്റെ സ്വന്തം സഹോദരീ പുത്രനായതുകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചത്. ശക്തമായ അഭിപ്രായഭിന്നതമൂലം പൗലോസും ബാർണബാസും തമ്മിൽ പിരിഞ്ഞു. ബാർണബാസ് മർക്കോസിനൊപ്പവും പൗലോസ് സീലാസിനൊപ്പവും പ്രേഷിതപ്രവർത്തനത്തിലേർപ്പെടുകയും ചെയ്തു. എന്നിരുന്നാലും അവർ പിന്നീട് രമ്യപ്പെട്ടുവെന്ന് 1 കൊറി 9,6, കൊളോ 4,10 തുടങ്ങിയ ഭാഗങ്ങൾ സൂചിപ്പിക്കുന്നുണ്ട്.

അജപാലനശുശ്രൂഷാരംഗങ്ങളിൽ ഇപ്രകാരമുള്ള അഭിപ്രായ വ്യത്യാസങ്ങളും ഭിന്നതകളും ഉണ്ടാകാൻ സാധ്യതയുണ്ട്. സഭയുടെ ചരിത്രത്തിലുടനീളം അപ്രകാരം സംഭവിക്കുന്നതായി നമുക്കറിയുകയും ചെയ്യാം. ചില സാഹചര്യങ്ങളിൽ അപ്രകാരമുള്ള അഭിപ്രായഭിന്നതകളും നിലപാടുകളുടെ വ്യത്യാസങ്ങളും നന്മയ്ക്ക് ആവശ്യമായി വരും; അങ്ങനെ വന്നിട്ടുമുണ്ട്. എന്നാൽ അവ സഭയിലുണ്ടായിരിക്കേണ്ട സ്നേഹത്തിനും കൂട്ടായ്മയ്ക്കും കുറവുവരുത്തുവാൻ ഇടയാക്കരുത്. അനുരഞ്ജനം സഭാജീവിതത്തിന്റെയും സഭാശുശ്രൂഷയുടെയും അവശ്യസ്വഭാവമാണ്. സഭാശുശ്രൂഷയെ അനുരഞ്ജനശുശ്രൂഷയായി പൗലോസ്ശ്ലീഹാതന്നെ അവതരിപ്പിക്കുന്നുണ്ട് (2 കൊറി 5,11-21). അതുകൊണ്ട് അവയെ പരിഹരിച്ച് ക്രിസ്തീയസൗഹൃദവും ഐക്യവും പുലർത്താൻ പുരോഹിതൻ നിരന്തരമായി ശ്രദ്ധിക്കണം. ചില സാഹചര്യങ്ങളിൽ അഭിപ്രായവ്യത്യാസങ്ങൾ നന്മയ്ക്ക് ആവശ്യമായി വരുന്നതുകൊണ്ട് അത് വിവേചിച്ചറിയുവാനും, ആ രീതിയിൽ അവയെ സർഗാത്മകമായി കൈകാര്യം ചെയ്യുവാനും പുരോഹിതൻ ശ്രദ്ധിക്കുകയും വേണം.

**2. അജപാലനശുശ്രൂഷയും തുടർവിശ്വാസപരിശീലനവും**

*"ജറുസലേമിൽവച്ച് ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും എടുത്ത തീരുമാനങ്ങൾ അനുസരിക്കണമെന്ന് അവർ നഗരങ്ങളിലൂടെ ചുറ്റി സഞ്ചരിക്കവേ അവിടെയുള്ളവരെ അറിയിച്ചു. തന്മൂലം സഭകൾ വിശ്വാസത്തിൽ ശക്തിപ്പെടുകയും അവരുടെ എണ്ണം അനുദിനം വർദ്ധിക്കുകയും ചെയ്തു."* (16,4-5).

പൗലോസ് ലിസ്ത്രായിൽ വച്ച് തിമോത്തിയോസിനെ കണ്ടുമുട്ടുന്നു. പൗലോസിന്റെ ഒന്നാമത്തെ പ്രേഷിതയാത്രയിൽ സുവിശേഷം സ്വീകരിച്ച 'എവുനിക്കെ' എന്ന യഹൂദ സ്ത്രീയായിരുന്നു തിമോത്തി

യുടെ മാതാവ്. തിമോത്തിയുടെ അമ്മയും വലിയമ്മയും നല്ല വിശ്വാസമുള്ളവരായിരുന്നുവെന്നും, അവർക്കുണ്ടായിരുന്ന വിശ്വാസം തിമോത്തിക്കുമുണ്ടെന്നും പൗലോസ്ശ്ലീഹാ വ്യക്തമായി പറയുന്നുണ്ട് (2തിമോ 1.5). അയാളെപ്പറ്റി സഭാംഗങ്ങൾക്കെല്ലാം നല്ല മതിപ്പുമുണ്ടായിരുന്നു (16,2). അതുകൊണ്ട് അയാളെ തന്റെകൂടെ കൊണ്ടുപോകാൻ പൗലോസ് തീരുമാനിക്കുന്നു (16,3). എന്നാൽ തിമോത്തിയുടെ പിതാവ് ഗ്രീക്കുകാരനായിരുന്നതിനാൽ പൗലോസ് അയാൾക്കു പരിച്ഛേദന കർമ്മം നടത്തി (16,3). പൗലോസ് പരിച്ഛേദനവാദികൾക്കെതിരായി നിലപാടു സ്വീകരിച്ചയാളും, ആ നിലപാടിനെ ജറുസലേം സൂനഹദോസിനെക്കൊണ്ട് അംഗീകരിപ്പിച്ചയാളുമാണ്. എങ്കിലും ഇപ്രകാരം തിമോത്തിക്കു പരിച്ഛേദനകർമ്മം നടത്തിയത് സുവിശേഷപ്രഘോഷണത്തിന്റെ ഫലദായകത്വത്തിന് അത് ആവശ്യമായി വന്നതുകൊണ്ടാണ്. അജപാലനശുശ്രൂഷയിൽ ഇപ്രകാരമുള്ള വിട്ടുവീഴ്ചകൾ ചെയ്യണമെന്നും ഇതു സൂചിപ്പിക്കുന്നുണ്ട്.

ജറുസലേം കൗൺസിലിന്റെ തീരുമാനങ്ങൾ അനുസരിക്കണമെന്ന് സഭാംഗങ്ങളെ അറിയിക്കുകയായിരുന്നു ഇപ്രാവശ്യത്തെ പ്രേഷിത പ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട ഒരു ലക്ഷ്യമെന്ന് എടുത്തുപറയുന്നു (16,4). അതിന്റെ ഫലമായി സഭകൾ വിശ്വാസത്തിൽ ശക്തിപ്പെടുകയും അവരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തുവെന്നും (16,5) പ്രത്യേകം പറയുന്നുണ്ട്. സഭാംഗങ്ങൾ വിശ്വാസത്തിൽ ശക്തിപ്പെടുമ്പോൾ സഭയുടെ സാക്ഷ്യം ഫലപ്രദമായിത്തീരുകയും പുറത്തുള്ളവർ സഭയിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും. സഭകളെ വിശ്വാസത്തിൽ ശക്തിപ്പെടുത്തുകയായിരുന്നു പൗലോസിന്റെ രണ്ടാം പ്രേഷിതയാത്രയുടെ പ്രധാന ലക്ഷ്യമെന്ന് ആരംഭത്തിൽ പറയുന്നുണ്ട്: "അവൻ സഭകളെ ശക്തിപ്പെടുത്തിക്കൊണ്ട് സിറിയായിലൂടെയും കിലിക്യായിലൂടെയും സഞ്ചരിച്ചു (15,41). അജപാലനശുശ്രൂഷയുടെ പ്രധാനപ്പെട്ട ലക്ഷ്യം സഭയുടെ വിശ്വാസത്തിൽ അജഗണങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ്. വിശ്വാസപരിശീലനം പലപ്പോഴും കുട്ടികൾക്കു ചെറുപ്പത്തിൽ നല്കുന്ന മതബോധനക്ലാസ്സുകൾക്കൊണ്ട് അവസാനിക്കുന്നു. വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിതപ്രശ്നങ്ങളെ നേരിടേണ്ടി വരുമ്പോഴേയ്ക്കും വിശ്വാസപ്രബോധനവും പരിശീലനവും ഇല്ലാതാകുന്നു. തന്മൂലം സഭാംഗങ്ങൾ വിശ്വാസത്തിനനുസൃതമായി ജീവിക്കുന്നതിൽ പരാജയപ്പെടുന്നു. അതുകൊണ്ട് വിശ്വാസത്തിലുള്ള തുടർപരിശീലനം അജപാലനശുശ്രൂഷയുടെ ഗൗരവമായ കടമയായി കാണേണ്ടതാണ്.

### 3. അജപാലനശുശ്രൂഷയും അരൂപിയുടെ വിവേചനവും

*"ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്ന് പരിശുദ്ധാത്മാവ് അവരെ പിന്തിരിപ്പിച്ചതുകൊണ്ട് അവർ ഫ്രീജിയാ, ഗലാത്തിയാ എന്നിവിടങ്ങളിലൂടെ യാത്ര ചെയ്തു. മീസിയായ്ക്ക് അടുത്തുവന്നപ്പോൾ ബിഥീനിയായിലേക്കു പോകാൻ അവർ ആഗ്രഹിച്ചു. എങ്കിലും ഈശോയുടെ ആത്മാവ് അതിനനുവദിച്ചില്ല. തന്മൂലം, മീസിയാ പിന്നിട്ട് അവർ ത്രോവാസിലേക്കു പോയി"* (16,6-8).

ഏഷ്യയിൽ വചനം പ്രസംഗിക്കുന്നതിൽനിന്ന് പരിശുദ്ധാത്മാവ് അവരെ പിന്തിരിപ്പിച്ചതുകൊണ്ട്, യൂറോപ്പിന്റെ ദിശയിലേക്ക് അവർ യാത്ര ചെയ്യുകയും അവസാനം റോമായുടെ അധികാരത്തിലുള്ള ഫിലിപ്പിയിൽ എത്തിച്ചേരുകയും ചെയ്യുന്നു (16,6-12). പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണ് പൗലോസും സുഹൃത്തുക്കളും അവരുടെ സുവിശേഷ പ്രഘോഷണയാത്ര ക്രമീകരിച്ചിരുന്നത്. പല വിധത്തിലാണ് ഈ നയിക്കൽ പ്രകടമായിരുന്നത്. ഒരിക്കൽ പരിശുദ്ധാത്മാവ് ആജ്ഞ നല്കിയതായും (16,6), മറ്റൊരിക്കൽ 'ഈശോയുടെ ആത്മാവ്' നിരോധിച്ചതായും (16,7) പറയുന്നു. രണ്ടും കൊണ്ട് ഉദ്ദേശിക്കുന്ന ആശയം ഒന്നുതന്നെയാണ്. രണ്ടവസരങ്ങളിലും അവരുദ്ദേശിച്ചതുപോലെ ചെയ്യരുതെന്നുള്ള നിർദ്ദേശം അവർക്ക് ആന്തരികമായി ലഭിച്ചുവെന്നുവേണം കരുതുവാൻ. ത്രോവാസിൽവച്ച്, സമുദ്രം കടന്ന് മക്കദോനിയായിലേക്കു പോകുവാൻ വ്യക്തമായ ദർശനംതന്നെയുണ്ടായി. ചരിത്രത്തിൽ ക്രിസ്തീയ യൂറോപ്പ് രൂപംകൊണ്ടതും, യൂറോപ്യൻസഭ ലോകമെങ്ങും പ്രേഷിത പ്രവർത്തനം നടത്തി സഭയ്ക്ക് സാർവത്രികമായ വളർച്ചയുണ്ടായതും, സഭയുടെ വളർച്ചയിലുള്ള ദൈവത്തിന്റെ പ്രത്യേകമായ പരിപാലനയെ വ്യക്തമാക്കുന്നതാണ്.

സഭ ദൈവത്തിന്റേതാണ്. ഈശോ പത്രോസിനോടു പറഞ്ഞ വാക്കുകൾ ഇതു വ്യക്തമാക്കുന്നുണ്ട്: "നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും" (മത്താ 16,18). സഭ ദൈവത്തിന്റേതാകയാൽ സഭാസമൂഹം എവിടെ, എങ്ങനെയൊക്കെ കെട്ടിപ്പടുക്കണമെന്നു തീരുമാനിക്കുന്നതു ദൈവമാണ്. അതുകൊണ്ട് സഭാശുശ്രൂഷ നിർവഹിക്കുന്നവർ, ദൈവവുമായുള്ള ശരിയായ ബന്ധത്തിൽ ജീവിച്ച്, ദൈവഹിതം തിരിച്ചറിഞ്ഞ്, ശുശ്രൂഷ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നു. അപ്രകാരം ശുശ്രൂഷ ചെയ്യണമെങ്കിൽ അവർ പ്രാർത്ഥനയുടെ മനുഷ്യരായിരിക്കണം. ദൈവാരൂപിയോടുള്ള തുറവിയാണ് പ്രാർത്ഥന: "നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ,

അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമാ 8,26). അതുകൊണ്ട് അജപാലകർ പ്രാർത്ഥനാജീവിതത്തിലൂടെ നിരന്തരം ദൈവഹിതം വിവേചിച്ചറിഞ്ഞ്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ പരിശ്രമിക്കണം.

**4. അജപാലനശുശ്രൂഷയും സ്ത്രീജനങ്ങളും**

"നഗരകവാടത്തിനുപുറത്ത് നദീതീരത്ത് ഒരു പ്രാർത്ഥനാകേന്ദ്രമുണ്ടെന്നു തോന്നിയതിനാൽ അവിടേക്കു ഞങ്ങൾ പോയി. ആ സ്ഥലത്തുവന്ന സ്ത്രീകളോടു ഞങ്ങൾ അവിടെയിരുന്നു സംസാരിച്ചു. ഞങ്ങളുടെ വാക്കുകൾ കേട്ടവരുടെ കൂട്ടത്തിൽ തിയത്തീറാ പട്ടണത്തിൽനിന്നു വന്ന പട്ടുവില്പനക്കാരിയും ദൈവഭക്തയുമായ ലീദിയാ എന്ന സ്ത്രീയുമുണ്ടായിരുന്നു. പൗലോസ് പറഞ്ഞ കാര്യങ്ങൾ സ്വീകരിക്കാൻ കർത്താവ് അവളുടെ ഹൃദയം തുറന്നു" (16,13-14).

പൗലോസ് തന്റെ പ്രേഷിതയാത്രയിൽ കൂടുതൽ നാളുകൾ താമസിച്ച് സുവിശേഷപ്രഘോഷണം നിർവഹിച്ച പട്ടണമാണ് ഫിലിപ്പി. പുതിയ പട്ടണങ്ങൾ സന്ദർശിക്കുമ്പോൾ പൗലോസ് സാബത്തു ദിവസങ്ങളിൽ അവിടെയുള്ള യഹൂദസിനഗോഗുകളിൽ പോയി ആരാധനയിൽ സംബന്ധിച്ച് സുവിശേഷം പ്രസംഗിച്ചിരുന്നു. എന്നാൽ ഫിലിപ്പിയിൽ യഹൂദസമൂഹമോ സിനഗോഗുകളോ ഉണ്ടായിരുന്നില്ല. പട്ടണത്തിനു പുറത്ത് നദീതീരത്ത് സ്ത്രീകൾ പതിവായി പ്രാർത്ഥനയ്ക്കായി ഒന്നിച്ചുകൂടിയിരുന്ന ഒരു സ്ഥലമുണ്ടായിരുന്നു. അത് പൗലോസും സഹപ്രവർത്തകരും തേടി കണ്ടു പിടിക്കുകയായിരുന്നു. അവിടെ കൂടിയിരുന്ന വനിതകളിലൊരാളായിരുന്നു തിയത്തീറാ പട്ടണത്തിൽനിന്നു വന്ന പട്ടുവില്പനക്കാരിയും ദൈവഭക്തയുമായ ലീദിയാ (16,14). പൗലോസിന്റെ പ്രസംഗം കേട്ട ലീദിയാ സുവിശേഷത്തിൽ വിശ്വസിക്കുകയും കുടുംബസമേതം മാമ്മോദീസാ സ്വീകരിക്കുകയും ചെയ്തു (16,14-15). അവളും അവളോടു സഹകരിച്ചുവന്ന എല്ലാവരും ക്രിസ്തീയവിശ്വാസം അവലംബിക്കുകയും, അവളുടെ ഭവനം സുവിശേഷപ്രവർത്തകരുടെ പാർപ്പിടമായി വിട്ടുകൊടുക്കുകയും ചെയ്തു.

ഫിലിപ്പിയിലെ ആദ്യവിശ്വാസിയായിരുന്നു ലീദിയാ. യൂറോപ്പിലെ ആദ്യത്തെ ക്രിസ്തീയവിശ്വാസി എന്ന് അവളെ വിശേഷിപ്പിക്കാം. സഭയെ സംബന്ധിച്ചിടത്തോളം യൂറോപ്പിന്റെ ക്രൈസ്തവവൽക്കരണം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നത് എല്ലാവർക്കും വ്യക്തമാണ്. യൂറോപ്യൻ സഭയുടെ വളർച്ചയ്ക്കു തുടക്കം കുറിച്ചത് ഒരു സ്ത്രീയും അവളുടെ കുടുംബവുമായിരുന്നു എന്നത് സ്ത്രീകൾക്കു

സഭാജീവിതത്തിലുള്ള സ്ഥാനത്തെ ഉയർത്തിക്കാട്ടുന്നതാണ്. സ്ത്രീജന ങ്ങൾ സഭയുടെ അമൂല്യസമ്പത്താണ്. പ്രത്യേകിച്ച് വിശ്വാസം ജീവി ക്കുന്നതിനും കൈമാറുന്നതിനും സംരക്ഷിക്കുന്നതിനും പുരുഷന്മാരേ ക്കാൾ കഴിവും സാദ്ധ്യതകളും സ്ത്രീകൾക്കാണ്. ഈശോയ്ക്കു തന്റെ ജീവിതകാലത്ത് സ്ത്രീശിഷ്യരുണ്ടായിരുന്നു. അവരാണ് ഈശോയുടെ പീഡാനുഭവത്തിലും മരണത്തിലും മൃതസംസ്കാരത്തിലും, അകലെ നിന്നാണെങ്കിലും, സജീവമായി സംബന്ധിച്ചത് (ലൂക്കാ 23,49). അജ പാലനശുശ്രൂഷയിൽ സ്ത്രീജനങ്ങളുടെ ഈ പ്രത്യേകത അംഗീകരി ക്കുകയും സഭയുടെ വളർച്ചയ്ക്കുതകുംവിധം അവരുടെ ശുശ്രൂഷയെ പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**5. അജപാലനശുശ്രൂഷയും കഷ്ടപ്പാടുകളും**

"അവർ അവരെ വളരെയധികം പ്രഹരിച്ചതിനുശേഷം കാരാ ഗൃഹത്തിലടച്ചു; അവർക്കു ശ്രദ്ധാപൂർവം കാവൽ നില്ക്കാൻ പാറാവു കാരനു നിർദ്ദേശവും കൊടുത്തു. അവൻ കല്പനപ്രകാരം അവരെ കാരാഗൃഹത്തിന്റെ ഉള്ളറയിലാക്കി കാലുകൾക്ക് ആമം വച്ചു. അർദ്ധ രാത്രിയോടടുത്ത് പൗലോസും സീലാസും കീർത്തനം പാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു. തടവുകാർ അതു കേട്ടുകൊണ്ടിരുന്നു. പെട്ടെന്നു വലിയ ഒരു ഭൂകമ്പമുണ്ടായി. കാരാഗൃഹത്തിന്റെ അടിത്തറ കുലുങ്ങി; എല്ലാ വാതിലുകളും തുറക്കപ്പെട്ടു. എല്ലാവരുടെയും ചങ്ങല കൾ അഴിഞ്ഞുവീണു" (16,23-26).

പൗലോസും സീലാസും ഫിലിപ്പിയിൽ ഏതാനും കാലം കഴിച്ചു കൂട്ടി. ആ അവസരത്തിൽ അവർ പട്ടണത്തിനു പുറത്തുണ്ടായിരുന്ന പ്രാർത്ഥനാസ്ഥലത്തേക്കു പോകുമ്പോൾ, ഭാവി പ്രവചിക്കുന്ന ആത്മാവു ബാധിച്ച ഒരു അടിമപ്പെൺകുട്ടി അവരുടെ പുറകെവന്ന് 'ഈ മനുഷ്യർ ദൈവത്തിന്റെ ദാസരാണെന്നും അവർ രക്ഷയുടെ മാർഗം പ്രഘോഷിക്കുന്നുവെന്നും' വിളിച്ചു പറഞ്ഞ് അവരെ ശല്യപ്പെടുത്തി ക്കൊണ്ടിരുന്നു (16,16-18). അപ്പോൾ പൗലോസ് അവളുടെ പിശാചുബാ ധയൊഴിക്കുകയും അവളെ സുഖപ്പെടുത്തുകയും ചെയ്തു. അവളിൽക്കൂടി തങ്ങൾക്കു ലഭിച്ചുവന്ന ആദായം ഇല്ലാതെ പോയതിൽ അമർഷംകൊണ്ട ജനപ്രമാണിമാർ പൗലോസിനെയും സീലാസിനെയും വലിച്ചിഴച്ച് ന്യായാധിപന്മാരുടെ പക്കൽ കൊണ്ടുചെല്ലുകയും അവർ അവരെ പ്രഹരിച്ചതിനുശേഷം ജയിലിലടയ്ക്കുകയും ചെയ്തു (16,19-24). എന്നാൽ അവർ പാതിരാത്രിയിൽ എഴുന്നേറ്റ് പാട്ടുപാടി ദൈവത്തെ സ്തുതിച്ചു. ആ സമയത്ത് ഒരു ഭൂകമ്പം ഉണ്ടാവുകയും കാരാഗൃഹവാതിലുകൾ സ്വയമേവ തുറക്കപ്പെടുകയും ചെയ്തു. തടവു

കാരെല്ലാം ഓടിയൊളിക്കുമെന്ന ഭീതിയിൽ ജയിലധികാരി, തന്റെ കൃത്യ വിലോപത്തിനുള്ള കഠിനശിക്ഷ മുന്നിൽകണ്ട് ആത്മഹത്യ ചെയ്യുവാൻ തുടങ്ങിയപ്പോൾ, പൗലോസ് ആ സാഹസകൃത്യത്തിൽനിന്നും അയാളെ രക്ഷിച്ചു. അത് അയാളുടെയും കുടുംബത്തിന്റെയും മാനസാന്തര ത്തിനും മാമ്മോദീസായ്ക്കും വഴി തെളിച്ചു.

അജപാലനശുശ്രൂഷ നിർവഹിക്കുമ്പോഴും സുവിശേഷപ്രഘോ ഷണത്തിലേർപ്പെടുമ്പോഴും പലപ്പോഴും എതിർപ്പുകളെയും പീഡന ങ്ങളെയും നേരിടേണ്ടി വരും. അപ്രകാരം സംഭവിക്കുമ്പോഴും നാം ദൈവത്തെ സ്തുതിക്കുന്നവരും പ്രാർത്ഥനയിലൂടെ പ്രതികൂല സാഹ ചര്യങ്ങളെ അതിജീവിച്ച് ശുശ്രൂഷ ചെയ്യുന്നവരുമാകണം. പ്രതികൂല സാഹചര്യങ്ങളുണ്ടാകുമ്പോൾ നമ്മുടെ അജപാലനസ്നേഹത്തിനോ തീക്ഷ്ണതയ്ക്കോ കുറവു വരാതിരിക്കാൻ ശ്രദ്ധിക്കണം. അപ്പോൾ അത്ഭുതങ്ങൾതന്നെ സംഭവിക്കും. എതിരാളികളുടെ മാനസാന്തരത്തിന് അത് പ്രേരകമാവുകയും ചെയ്യും.

പ്രഭാതമായപ്പോൾ പൗലോസിനെയും സീലാസിനെയും രഹ സ്യമായി വിടാൻ തുടങ്ങിയപ്പോൾ പൗലോസ് തന്റെ റോമൻ പൗരത്വം വെളിപ്പെടുത്തുകയും, ന്യായാധിപന്മാർ ചെയ്ത തെറ്റിനെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. രാഷ്ട്രവും സഭയും തമ്മിൽ ഏറ്റുമുട്ടലുകൾ ഉണ്ടാകുമ്പോൾ സഭയുടെ ന്യായമായ അവ കാശങ്ങൾക്കുവേണ്ടി വാദിക്കുവാനും അവ സംരക്ഷിക്കുവാനും നാം ശ്രമിക്കണമെന്നും ഇതു സൂചിപ്പിക്കുന്നുണ്ട്.

**ജീവിതസൂചിക**

1. സഭാസമൂഹത്തിൽ ഭിന്നതകളുണ്ടാകുമ്പോൾ അവരെ അനുരഞ്ജന ത്തിലേക്കു നയിക്കുവാനും, അതോടൊപ്പം അവയെ സർഗാത്മകമായി കൈകാര്യം ചെയ്യുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
2. ദൈവജനത്തിൽ വിശ്വാസസ്ഥിരീകരണമുളവാക്കുവാൻ തക്കവിധം സഭയുടെ വിശ്വാസത്തിൽ തുടർപരിശീലനം നല്കുന്നതിന് ഞാൻ എപ്രകാരമാണ് പരിശ്രമിക്കുന്നത്?
3. പ്രാർത്ഥനാജീവിതത്തിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞ്, പരി ശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണോ ഞാൻ അജപാലനശുശ്രൂഷ നിർവഹിക്കുന്നത്?
4. അജപാലനശുശ്രൂഷയിൽ സ്ത്രീജനങ്ങളുടെ പങ്കാളിത്തം ഞാൻ പ്രോത്സാഹിപ്പിക്കുന്നുണ്ടോ?
5. കഷ്ടപ്പാടുകളുടെ മദ്ധ്യേ ദൈവത്തെ സ്തുതിക്കുവാനും സ്നേഹ ത്തോടെയും തീക്ഷ്ണതയോടെയും ശുശ്രൂഷ ചെയ്യുവാനും എനിക്കു കഴിയുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹു. ജോസഫ് മേമന അച്ചന്റെ ചരമവാർഷികം മെയ് 27 നും ബഹു. ഫ്രാൻസിസ് ഞള്ളമ്പുഴ CMI അച്ചന്റെ ചരമവാർഷികം മെയ് 29 നും ബഹു. മാത്യു കൊല്ലിത്താനത്ത് അച്ചന്റെ ചരമവാർഷികം ജൂൺ 3 നുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**ബഹു. വൈദികരുടെ സ്ഥലംമാറ്റം**

നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ സ്ഥലംമാറ്റം ഈ വർഷം മെയ് 18 ശനിയാഴ്ചയാണ്. മെയ് 19 ന് ഞായറാഴ്ച പുതിയ സ്ഥലങ്ങളിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം. വികാരിമാറ്റ റിപ്പോർട്ട് ഫോറം സ്ഥലംമാറ്റമുള്ള എല്ലാ വൈദികർക്കും ലഭിച്ചുകാണുമെന്നു കരുതുന്നു. (ആർക്കെങ്കിലും ഏതെങ്കിലും കാരണത്താൽ കിട്ടാതെ പോയാൽ രൂപതാ കേന്ദ്രത്തിൽ ലഭ്യമാണ്). അടിയന്തിരശ്രദ്ധ ആവശ്യമുള്ള കാര്യങ്ങൾ പുതുതായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന വൈദികന് മനസ്സിലാക്കാനും കൂടുതൽ കാര്യക്ഷമമായി അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്നതിനും ഈ സ്ഥലംമാറ്റ റിപ്പോർട്ട് സഹായകരമാകണം. അതിന് സ്ഥലംമാറി പോകുന്ന വികാരി അൽപം ത്യാഗപൂർവ്വം സമയം കണ്ടെത്തി അജപാലനരംഗം സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തി സ്ഥലംമാറ്റ റിപ്പോർട്ട് തയ്യാറാക്കണം. പുതുതായി വരുന്ന വികാരിയും നടത്തു കൈക്കാരനും ഈ റിപ്പോർട്ടിൽ ഒപ്പുവച്ച് ഒരു കോപ്പി ഇടവക ഫയലിൽ സൂക്ഷിക്കുകയും ഒരു കോപ്പി രൂപതാ കേന്ദ്രത്തിലേയ്ക്ക് അയച്ചു തരികയും ചെയ്യുമല്ലോ. പള്ളിയുടെ/സ്ഥാപനത്തിന്റെ പ്രധാന രേഖകൾ, ബാങ്കിടപാടുകൾ എന്നിവ കാലോചിതമായി പുതുക്കി സ്ഥലംമാറിവരുന്ന വൈദികനെ ഏൽപ്പിക്കേണ്ടതാണ്.

ദൈവമഹത്വത്തിനും ദൈവജനത്തിന്റെ നന്മയ്ക്കുമായി വിവിധ ശുശ്രൂഷാമേഖലകളിൽ പ്രവർത്തിച്ചശേഷം സ്ഥലം മാറുന്ന എല്ലാ ബഹു.വൈദികർക്കും പുതിയ സ്ഥലങ്ങളിൽ ധാരാളം ദൈവാനുഗ്രഹവും വിജയങ്ങളും ആശംസിക്കുന്നു. സ്ഥലം മാറിപോകുന്ന സ്ഥലങ്ങളിൽ അനുഷ്ഠിച്ചുകൊണ്ടിരുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. പുതിയ ചൈതന്യത്തോടും വർദ്ധിച്ച തീക്ഷ്ണതയോടും

കൂടെ പുതിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ നല്ല ഇടയനായ ഈശോ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**മാധ്യമ ജാഗ്രതാ സെമിനാർ**

സാങ്കേതികവിദ്യയുടെ ദുരുപയോഗവും മാധ്യമങ്ങളുടെ ധാർമ്മികതയില്ലാത്ത പ്രതികരണങ്ങളും സാമൂഹ്യമാധ്യമങ്ങളുടെ ദുരുപയോഗവുമെല്ലാം അപകടകരമായ ഭീഷണി തിരുസഭക്കും വിശ്വാസ ജീവിതത്തിനും സൃഷ്ടിക്കുന്നുണ്ട്. ഈ അവസരത്തിൽ ശരിയായ മാധ്യമസാക്ഷരത, സാങ്കേതികവിദ്യയിലുള്ള പരിജ്ഞാനം, സാമൂഹ്യ മാധ്യമങ്ങളുടെ ക്രിയാത്മകമായ ഉപയോഗം എന്നിവയ്ക്ക് തിരുസഭാജീവിതത്തിലും സ്ഥാനമുണ്ട് എന്ന് നാം തിരിച്ചറിയണം. ഇത്തരമൊരു കാഴ്ചപ്പാടോടു കൂടി രൂപതയിലെ പബ്ലിക് റിലേഷൻസ് ഓഫീസ് ഇടവകകളിൽ നിന്നുള്ള പ്രതിനിധികളുടെയും സംഘടനാ പ്രതിനിധികളുടെയും ഒരു കൂട്ടായ്മയും മാധ്യമ ജാഗ്രതാ സെമിനാറും മെയ് മാസം 5-ാം തീയതി ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ഓരോ ഇടവകയിൽ നിന്നും സാമൂഹ്യമാധ്യമങ്ങളിൽ പരിജ്ഞാനവും താത്പര്യവുമുള്ള ആരെയെങ്കിലും പ്രസ്തുത സെമിനാറിലേക്ക് പറഞ്ഞയയ്ക്കണമെന്ന് താത്പര്യപ്പെടുന്നു. അന്നേദിവസം തന്നെ സീറോ മലബാർ സഭയുടെ ഇന്റർനെറ്റ് മിഷൻ എല്ലാ ഇടവകകൾക്കുമായി രൂപകല്പന ചെയ്തിരിക്കുന്ന 'പാരിഷ് ആപ്പ്' (parish app) പരിചയപ്പെടുത്തുന്നതുമായിരിക്കും.

കാര്യപരിപാടി

09.30 am - രജിസ്ട്രേഷൻ
10.00 am - വി. കുർബാന: ബിഷപ് മാർ ജോസ് പൊരുന്നേടം
11.30 am - മാധ്യമജാഗ്രത വിശ്വാസ സംരക്ഷണത്തിന്: റവ. ഫാ. റോയി കണ്ണംചിറ CMI
01.15 pm - ഉച്ചഭക്ഷണം
02.00 am - 'പാരിഷ് ആപ്പ്' (parish app) പരിചയപ്പെടുത്തൽ: ബിഷപ് മാർ ജോസ് പൊരുന്നേടം
03.30 pm - ചർച്ച് ബിൽ - പ്രതിരോധത്തിന്റെ വഴികൾ: ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ
04.00 pm - രൂപതാ ഗാനം

**രൂപതാദിനം 2019 മെയ് 7 ചൊവ്വ**

രൂപതയിൽ നടന്ന വിവിധ സമ്മേളനങ്ങളിലും നിലമ്പൂർ, മണിമൂളി, നീലഗിരി പ്രദേശങ്ങളിലെ വൈദികരുടെ പ്രത്യേക സമ്മേളനത്തിലും ചർച്ച ചെയ്ത് തീരുമാനിച്ചതുപോലെ ഈ വർഷത്തെ

രൂപതാദിനം മെയ് 7-ാം തീയതി ചൊവ്വാഴ്ച മണിമൂളിയിൽ വച്ച് നടക്കുകയാണ്. നിലമ്പൂർ-മണിമൂളി പ്രദേശങ്ങളിൽ നിന്നും രൂപതാ ദിനത്തിൽ കൂടുതൽ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്.

**രൂപതാദിനത്തിൽ പങ്കെടുക്കേണ്ടവർ താഴെപ്പറയുന്നവരാണ്:**

**മണിമൂളി - നിലമ്പൂർ ഫൊറോനകൾ:**

എല്ലാ വൈദികരും, സന്യസ്തരും, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സൺഡേസ്കൂൾ പ്രധാനാദ്ധ്യാപകർ, കുടുംബകൂട്ടായ്മ സ്റ്റാന്റിംഗ് കമ്മറ്റി അംഗങ്ങൾ (കൈക്കാരന്മാർ, ഇടവക സെക്രട്ടറിമാർ, 4 വിഭാഗങ്ങളിൽ നിന്നും ഓരോരുത്തർ വീതം - പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഉപസമിതി കൺവീനർമാർ), കുടുംബ കൂട്ടായ്മ യൂണിറ്റുകളിൽ നിന്നും ഓരോരുത്തർ വീതം, എല്ലാ മതാദ്ധ്യാപകരും, മണിമൂളി-നിലമ്പൂർ ഫൊറോന കൗൺസിൽ അംഗങ്ങൾ, എല്ലാ സംഘടനാഭാരവാഹികളും, LP, UP, HS, HSS, College പ്രധാനാദ്ധ്യാപകരും പങ്കെടുക്കേണ്ടതാണ്.

**മറ്റ് ഫൊറോനകളിൽ നിന്നും**

എല്ലാ വൈദികരും, സന്യാസഭവനങ്ങളിലെ മേജർ സുപ്പീരിയേഴ്സും ലോക്കൽ സുപ്പീരിയേഴ്സും, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, നടത്തുകൈക്കാരൻ, മതബോധന പ്രധാനാദ്ധ്യാപകർ, ഭക്തസംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും മതബോധനത്തിന്റെയും രൂപതാഭാരവാഹികൾ എന്നിവരാണ് പങ്കെടുക്കേണ്ടത്.

**പ്രോഗ്രാം**

| | | |
|---|---|---|
| 09.00 am | - | രജിസ്ട്രേഷൻ |
| 09.15 am | - | പതാക ഉയർത്തൽ |
| 09.30 am | - | വി. കുർബ്ബാന |
| 10.30 am | - | പൊതുസമ്മേളനം |
| 01.30 pm | - | ഉച്ചഭക്ഷണം |

ഈ വർഷം സുവർണ്ണ ജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന വൈദികർ, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന സന്യസ്തർ, 35 വർഷം പൂർത്തിയാക്കുന്ന മതാദ്ധ്യാപകർ, 25 വർഷം പൂർത്തിയാക്കുന്ന അൾത്താര ശുശ്രൂഷികൾ എന്നിവരെ രൂപതാദിനത്തിൽ ആദരിക്കുന്നു. രൂപതാദിനത്തോടനുബന്ധിച്ച് വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള രൂപാതാംഗങ്ങളെ ആദരിക്കുന്നതാണ്.

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# മതബോധനരംഗം

**മതബോധനരംഗം**

പരിസമാപ്തിയിലെത്തിയിരിക്കുന്ന 2018-19 അദ്ധ്യയന വർഷത്തെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ ദൈവഹിതത്തോട് ചേർത്ത് സമർപ്പിക്കുകയാണ്. ഈ വർഷത്തെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിൽ വിശകലനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകാൻ ശ്രദ്ധിക്കുക. പരീക്ഷാ ഫലത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തലുകളും മാറ്റങ്ങളും മതബോധന പ്രവർത്തനങ്ങളിൽ വരുത്തുവാൻ മതാദ്ധ്യാപകരും ശ്രദ്ധിക്കുമല്ലോ. മികച്ച വിജയം നേടിയ കുട്ടികളെയും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർ, വികാരിയച്ചൻമാർ, ഹെഡ്മാസ്റ്റേഴ്സ്, മാതാപിതാക്കൾ എന്നിവരേയും സ്നേഹപൂർവ്വം അഭിനന്ദിക്കുന്നു.

ഈ കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ മതബോധന പ്രവർത്തനങ്ങളോടും രൂപതാ കേന്ദ്രത്തോടും ആത്മാർത്ഥമായി സഹകരിച്ച മതാദ്ധ്യാപകർ, ഹെഡ്മാസ്റ്റേഴ്സ്, മേഖലാ സെക്രട്ടറിമാർ, രൂപതാ ടീം അംഗങ്ങൾ, വികാരിയച്ചൻമാർ, മേഖലാ ഡയറക്ടേഴ്സ് എന്നിവരെ നന്ദിയോടെ ഓർക്കുകയും തുടർന്നും സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**അദ്ധ്യയന വർഷാരംഭം**

2018-19 അദ്ധ്യയന വർഷത്തെ വിശ്വാസ പരിശീലന ക്ലാസ്സുകൾ മെയ് 26-ന് ആരംഭിക്കുന്നതാണ്. അതിന് മുമ്പായി പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകം മുതലായവ വാങ്ങുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക. മെയ് 20 മുതൽ ബുക്കുസ്റ്റാളുകളിൽ ഇവ ലഭ്യമായിരിക്കും.

| **ഉപപാഠപുസ്തകങ്ങൾ** | | **ടെക്സ്റ്റ് ബുക്ക്** | |
|---|---|---|---|
| I-IV | Rs. 30/- | I - IV | Rs. 30 |
| V - IX | Rs. 40/- | V - XII | Rs. 40 |
| X | Rs. 60/- | English Text | Rs. 50/- |
| XI - XII | Rs. 100/- | Bible Nursery | Rs. 50/- |

**ആമുഖ സെമിനാർ**

അടുത്ത അദ്ധ്യയനവർഷത്തിലെ ആമുഖ സെമിനാറിന്റെ തിയതികൾ താഴെ ചേർക്കുന്നു.

ജൂൺ 7-9 -ചുങ്കക്കുന്ന്, കല്ലോടി, മാനന്തവാടി, പയ്യമ്പള്ളി, ദ്വാരക, തരിയോട്, നീലഗിരി ഫൊറോനകൾ.

ജൂൺ 14-16 - ബത്തേരി, കൽപ്പറ്റ, മുള്ളൻകൊല്ലി, നടവയൽ, മണിമൂളി, നിലമ്പൂർ ഫൊറോനകൾ.

മതാദ്ധ്യാപനരംഗത്തേക്ക് പുതുതായി കടന്നു വരുന്ന മുഴുവൻ മതാദ്ധ്യാപകരും നിർബന്ധമായും ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്ന ആമുഖസെമിനാറിൽ പങ്കെടുക്കണം. സെമിനാറിൽ പങ്കെടുക്കുന്ന അധ്യാപകർ പഠിപ്പിക്കുന്ന ക്ലാസിലെ ടെക്സ്റ്റ് ബുക്കും ടീച്ചിംഗ് നോട്ടുബുക്കും കൊണ്ടുവരേണ്ടതാണ്. 400 രൂപയാണ് ആമുഖസെമിനാറിന്റെ ഫീസ്.

**ക്ലാസ് ട്രെയിനിംഗ്**

ഈ വർഷം ക്ലാസ് മാറുന്ന അധ്യാപകർക്കുള്ള ട്രയിനിംഗ് ജൂൺ 9,16,30 തീയതികളിൽ 9 മണി മുതൽ 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ച് നടക്കുന്നു. 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

**ഹെഡ്മാസ്റ്റർമാരുടെ നിയമനം**

പ്രധാനാദ്ധ്യാപകരുടെ കാലാവധി അഞ്ചുവർഷമാണ്. അഞ്ചുവർഷമോ അതിൽ കൂടുതലോ പൂർത്തിയാക്കുന്ന ബഹു ഹെഡ്മാസ്റ്റേഴ്സ് ആ സ്ഥാനത്തുനിന്ന് മാറാനുള്ള അപേക്ഷ വികാരിയച്ചന് നൽകേണ്ടതാണ്. ഇടവകയിലെ മതബോധന പ്രവർത്തനങ്ങളെ ഫലപ്രദമായി നയിക്കാൻ നിലവിലുള്ള HM ന്റെ തന്നെ സേവനം പ്രധാനാദ്ധ്യാപകസ്ഥാനത്ത് ആവശ്യമാണെന്ന് വികാരിയച്ചൻ ആവശ്യപ്പെടുന്ന പക്ഷം മാത്രം, അത് മതബോധന കേന്ദ്രത്തിൽ അറിയിച്ച് രൂപതാ മതബോധന കേന്ദ്രത്തിന്റെ അംഗീകാരത്തോടെ തന്റെ സേവനം തുടരാവുന്നതാണ്.

## Diploma Say Examination, Revaluation

ഡിപ്ലോമ പരീക്ഷയിൽ പരാജയപ്പെട്ടവർക്കുള്ള Say പരീക്ഷ മെയ് 11 ശനിയാഴ്ചയായിരിക്കും നടത്തപ്പെടുക. ഡിപ്ലോമ, സ്കോളർഷിപ്പ് പരീക്ഷകളുടെ Revaluation-ന് ഉള്ള അപേക്ഷകൾ മെയ് 4 വരെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. 50 രൂപയായിരിക്കും ഫീസ്. Say പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ മെയ് 4 ന് മുമ്പ് 100 രൂപ ഫീസോടുകൂടി അപേക്ഷ എഴുതി, വികാരിയച്ചന്റെ ഒപ്പോടെ രൂപതാ

കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്. മെയ് 4 ന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. Say പരീക്ഷയുടെ സെന്ററുകൾ ദ്വാരക യുപി സ്കൂളും മണിമൂളി ഹൈസ്കൂളും ആയിരിക്കും. മെയ് 11 ന് 9.30 മുതൽ 12 വരെയായിരിക്കും പരീക്ഷാസമയം.

**ബഹു.വികാരിച്ചൻമാരുടെയും പ്രധാനാദ്ധ്യാപകരുടെയും സമ്മേളനം (HM, PP Conference) May 25**

2019-20 അദ്ധ്യയന വർഷത്തെ പ്രഥമ HM, PP സമ്മേളനം മെയ് 25 ന് ശനിയാഴ്ച രാവിലെ 10 മണിക്ക് രൂപതാ പാസ്റ്ററൽ സെന്ററിൽ ചേരുന്നു. പ്രധാനാദ്ധ്യാപകർ കൃത്യസമയത്ത് എത്തുവാൻ ശ്രദ്ധിക്കുമല്ലോ. അന്നേദിവസം HDC, XII, X, VII, IV ക്ലാസ്സുകളിൽ ഉന്നത വിജയം നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അതോടൊപ്പം പ്രതിഭകൾ, 25 വർഷം വിശ്വാസ പരിശീലന രംഗത്ത് സേവനം ചെയ്ത മതാദ്ധ്യാപകർ എന്നിവരെ ആദരിക്കുന്നു. പ്രധാനാദ്ധ്യാപകർ അന്ന് HCC, ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ, അടുത്ത വർഷത്തേക്കുള്ള Survey Form, Teaching Note, HDC, DCC, HCC, Diploma, Scholarship ഇവയുടെ ആപ്ലിക്കേഷൻ ഫോം എന്നിവ രൂപതാ ഓഫീസിൽ നിന്ന് കൈപ്പറ്റണം.

**HDC പരീക്ഷാ ഫലം**

ഫെബ്രുവരി മാസത്തിൽ നടത്തിയ 2017-19 വർഷത്തെ HDC (Higher Diploma in Catechesis) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിജയികളായവരെ അഭിനന്ദിക്കുന്നു. കോഴ്സ് കോ-ഓഡിനേറ്റർ ശ്രീ.സജി നരിവേലിൽ സാറിനേയും ക്ലാസുകൾക്ക് നേതൃത്വം നൽകിയ ശ്രീ.സെബാസ്റ്റ്യൻ പാലംപറമ്പിൽ സാറിനേയും പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. ഉന്നത വിജയം നേടിയ Sr. Roslin SCV ( I Rank ) Sr. Jiya CMC (II Rank) Thushara K. Jacob Oroplackal (III Rank) എന്നിവരെ പ്രത്യേകം അനുമോദിക്കുന്നു.

**ദൈവശാസ്ത്ര പഠനകോഴ്സ് (B.Th)**

വിശ്വാസ പരിശീലനത്തിന്റെ പുതിയ ഒരു ഘട്ടം കൂടി നാം ആരംഭിക്കുകയാണ്. തലശ്ശേരി അതിരൂപത ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ ദൈവശാസ്ത്ര പഠനകോഴ്സ് തുടങ്ങുന്നു. വിശുദ്ധ ഗ്രന്ഥത്തിലെ എല്ലാ പുസ്തകങ്ങളേയും ആഴത്തിൽ പഠിക്കാൻ സാധിക്കുന്ന രീതിയിലാണ് ഈ കോഴ്സിന്റെ സിലബസ് ക്രമീകരിച്ചിരിക്കുന്നത്. ആറ് സെമസ്റ്ററുകളിൽ 24 വിഷയങ്ങൾ മൂന്നു വർഷങ്ങളിലായി പഠിപ്പിക്കുന്നു. 6000 രൂപയാണ് പുസ്തകം ഉൾപ്പെടെയുള്ള ഫീസ്. സെക്കുലർ ഡിഗ്രിയുള്ളവർക്ക് ഈ കോഴ്സിൽ ചേരാവുന്നതാണ്.

## Diploma Scholarship Rank Holders IV

| No | Mark | Rank | Reg.No | Name | Parish | Forane |
|---|---|---|---|---|---|---|
| 1 | 98 | I | 3005 | നിയ ഫിലോമിന ഏറനാട്ട് | തെനേരി | കല്പറ്റ |
| 2 | 97 | II | 2968 | മരിയ സാന്ദ്ര വെള്ളിയാകണ്ടത്തിൽ | കല്ലോടി | കല്ലോടി |
| 3 | 96 | III | 3103 | അനോന പുത്തൻപുരയ്ക്കൽ | നടവയൽ | നടവയൽ |
| 4 | 95 | IV | 3078 | ഏയ്ഞ്ചൽ മരിയ വെട്ടിക്കാട്ടിൽ | പട്ടാണിക്കൂപ്പ് | മുള്ളൻകൊല്ലി |
| 5 | 94 | V | 2983 | ജോയൽ പിണക്കാട്ടുപറമ്പിൽ | വാളേരി | കല്ലോടി |
| 6 | 93 | VI | 3155 | ആഗ്നൽ മേമടത്തിൽ | പയ്യംപള്ളി | പയ്യംപള്ളി |
| 7 | 93 | VI | 3105 | ജുവൽമരിയ ജോബി വെണ്ണായപ്പള്ളിൽ | നടവയൽ | നടവയൽ |
| 8 | 92 | VII | 3054 | ആൽബിൻ ജയ്സൺ മേക്കാട്ട് | പാതിരിപ്പാടം | മണിമൂളി |
| 9 | 92 | VII | 3004 | ആൽഡ്രിൻ പൊട്ടനാനിക്കൽ | തെനേരി | കല്പറ്റ |
| 10 | 91 | VIII | 3104 | ഏയ്ഞ്ചൽമേരി പരത്തിനാൽ | നടവയൽ | നടവയൽ |

## Diploma Scholarship Rank Holders VII

| No | Mark | Rank | Reg.No | Name | Parish | Forane |
|---|---|---|---|---|---|---|
| 1 | 92 | I | 3273 | ടെസ്സ മങ്കുത്തേൽ | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 2 | 90 | II | 3274 | അൽഫോൻസ കരുവാറ്റകൊച്ചുപുര | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 3 | 86 | III | 3466 | ആൻട്രീസ കോട്ടേപ്പറമ്പിൽ | പൂളപ്പാടം | നിലമ്പൂർ |
| 4 | 86 | III | 3480 | ഹെനിൻ സൂസൻ കടകേലിൽ | പനംചിറ | നീലഗിരി |
| 5 | 84 | IV | 3315 | സാം വെള്ളിയാകണ്ടത്തിൽ | കല്ലോടി | കല്ലോടി |
| 6 | 84 | IV | 3431 | ദിയ ഓലിക്കൽ | ശിശുമല | മുള്ളൻകൊല്ലി |
| 7 | 81 | V | 3257 | ദിയ വാചാലക്കൽ | പഴൂർ | ബത്തേരി |
| 8 | 81 | V | 3269 | അജിൻ പള്ളിത്താഴത്ത് | അമ്പായത്തോട് | ചുങ്കക്കുന്ന് |
| 9 | 80 | VI | 3312 | ബബിത പിണമറ്റത്തിൽ | ജൂഡ്സ്മൗണ്ട് | കല്ലോടി |
| 10 | 80 | VI | 3321 | ആൻസ് മരിയ നെല്ലിമലമറ്റത്തിൽ | മക്കിയാട് | കല്ലോടി |

## Nilgiri Rgional Diploma Rank List

| | | | | |
|---|---|---|---|---|
| I | മരിയ | മെറീന വിൽസൺ നെല്ലിയാട്ടുപറമ്പിൽ | കയ്യുന്നി | 19/C 3185 |
| II | അന്ന | സ്നേഹ മലേക്കുടി | പനംചിറ | 19/C 3216 |
| III | ജോസഫ് | ജോയ്സ് പുതുവേലിൽ | ധർമ്മഗിരി | 19/C 3138 |

## Diploma Rank Holders (STD X)

| No | Mark | Rank | Reg.No | Name | Parish | Forane |
|---|---|---|---|---|---|---|
| 1 | 96 | I | D3994 | ആഗസ്തി വെള്ളിയാകണ്ടത്തിൽ | കല്ലോടി | കല്ലോടി |
| 2 | 93 | II | B3949 | സിസിലി ആലുങ്കൽ | അടയ്ക്കാത്തോട് | ചുങ്കക്കുന്ന് |
| 3 | 93 | II | E 2593 | റോസ് മരിയ ജോയ്സ് കൂർക്കകാലായിൽ | കൊളവയൽ | കല്പറ്റ |
| 4 | 91 | III | B4017 | ത്രേസ്യ കല്ലുപറമ്പിൽ | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 5 | 91 | III | G2605 | ആൻമരിയ മംഗലപ്പറമ്പിൽ | താളിപ്പാടം | മണിമൂളി |
| 6 | 90 | IV | B4078 | എലിസബത്ത് വെട്ടിയാട്ട് | കൊട്ടിയൂർ | ചുങ്കക്കുന്ന് |

| | | | | | |
|---|---|---|---|---|---|
| 7 | 90 | IV | M2626 മെർലിൻ തോപ്പിൽ | കുറുമ്പാല | തരിയോട് |
| 8 | 89 | V | B3955 മറിയം ആഞ്ഞിലിവേലിൽ | അടയ്ക്കാത്തോട് | ചുങ്കക്കുന്ന് |
| 9 | 88 | VI | B3993 റോസ തെക്കെകുളം | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 10 | 87 | VII | K2089 മരിയ പുന്നക്കാട്ട് | വടപുറം | നിലമ്പൂർ |

**HDC**

| | | |
|---|---|---|
| I Rank | Sr. Roslin SCV | Martin Nagar |
| II Rank | Sr. Jiya CMC | Ruby Nagar |
| III Rank | Thushara K. Jacob Oroplackal | Vazhavatta |
| Best Project | Elizabeth Jofi Vadakkedath | Vythiri |

**RESULT IN PARISH LEVEL**

| Parish | Total Regd. | Attended | Passed | Failed | Percentage |
|---|---|---|---|---|---|
| **Bathery Forane** | | | | | |
| Ambalavayal | 36 | 36 | 33 | 3 | 92% |
| Bathery | 55 | 54 | 46 | 8 | 84% |
| Chithragiri | 11 | 11 | 11 | 0 | 100% |
| Chulliyode | 8 | 8 | 8 | 0 | 100% |
| Kadalmad | 3 | 3 | 3 | 0 | 100% |
| Kallummukku | 3 | 3 | 2 | 1 | 67% |
| Karani | 6 | 6 | 6 | 0 | 100% |
| Meenangady | 15 | 15 | 11 | 4 | 73% |
| Moolankavu | 16 | 16 | 14 | 2 | 88% |
| Pazhoor | 10 | 10 | 7 | 3 | 70% |
| Thomattuchal | 12 | 12 | 10 | 2 | 83% |
| Vadakkanad | 8 | 8 | 7 | 1 | 88% |
| Vakery | 8 | 8 | 8 | 0 | 100% |
| **TOTAL** | **191** | **190** | **166** | **24** | **87%** |
| **Chungakkunnu Forane** | | | | | |
| Adakkathode | 33 | 33 | 32 | 1 | 97% |
| Ambayathode | 11 | 11 | 10 | 1 | 91% |
| Chungakkunnu | 50 | 50 | 47 | 3 | 94% |
| Kelakam | 10 | 10 | 10 | 0 | 100% |
| Kottiyoor | 60 | 59 | 52 | 7 | 87% |
| Nelliody | 6 | 6 | 6 | 0 | 100% |
| Ottaplav | 9 | 9 | 9 | 0 | 100% |
| Palchuram | 14 | 14 | 14 | 0 | 100% |
| Santhigiri | 9 | 9 | 8 | 1 | 89% |
| Velloonni | 13 | 13 | 11 | 2 | 85% |
| **TOTAL** | **215** | **214** | **199** | **15** | **93%** |
| **Dwaraka Forane** | | | | | |
| Chulliyana | 8 | 8 | 8 | 0 | 100% |
| Dwaraka | 20 | 20 | 19 | 1 | 95% |
| Karakkamala | 19 | 18 | 17 | 1 | 89% |
| Kommayad | 18 | 18 | 15 | 3 | 83% |
| Mangalassery | 6 | 6 | 4 | 2 | 67% |
| Mothakkara | 6 | 6 | 5 | 1 | 83% |

| | | | | | |
|---|---|---|---|---|---|
| Thonichal | 22 | 22 | 20 | 2 | 91% |
| Vellamunda | 7 | 7 | 5 | 2 | 71% |
| Vilambukandam | 19 | 18 | 17 | 1 | 89% |
| **TOTAL** | **125** | **123** | **110** | **13** | **88%** |
| **Kallody Forane** | | | | | |
| Deepthigiri | 12 | 12 | 8 | 4 | 92% |
| Jude's Mount | 7 | 7 | 3 | 4 | 100% |
| Kallody | 46 | 46 | 46 | 0 | 100% |
| Karimbil | 5 | 5 | 5 | 0 | 100% |
| Kunjhome | 4 | 4 | 4 | 0 | 100% |
| Makkiyad | 26 | 26 | 23 | 3 | 88% |
| Niravilpuzha | 2 | 2 | 2 | 0 | 100% |
| Puthiyidamkunnu | 11 | 11 | 11 | 0 | 100% |
| Puthussery | 4 | 4 | 4 | 0 | 100% |
| Valery | 4 | 4 | 4 | 0 | 100% |
| Vanjode | 6 | 6 | 6 | 0 | 100% |
| **TOTAL** | **127** | **127** | **116** | **11** | **97%** |
| **Kalpetta Forane** | | | | | |
| Charitty | 5 | 5 | 5 | 0 | 100% |
| Chooralmala | 3 | 3 | 0 | 3 | 0 % |
| Edapetty | 16 | 16 | 15 | 1 | 94% |
| Kalathuvayal | 6 | 6 | 5 | 1 | 83% |
| Kalpetta | 26 | 24 | 22 | 2 | 85% |
| Kolavayal | 7 | 7 | 7 | 0 | 100% |
| Lakkidi | 2 | 2 | 1 | 1 | 50% |
| Nedumbala | 10 | 10 | 7 | 3 | 70% |
| Olivumala | 7 | 7 | 5 | 2 | 71% |
| Puzhamudi | 3 | 3 | 3 | 0 | 100% |
| Rippon | 19 | 19 | 13 | 6 | 68% |
| Theneri | 20 | 20 | 18 | 2 | 90% |
| Thrikkaipetta | 3 | 3 | 2 | 1 | 67% |
| Vazhavatta | 32 | 31 | 22 | 9 | 69% |
| Vythiri | 2 | 2 | 2 | 0 | 100% |
| **TOTAL** | **161** | **158** | **127** | **31** | 79% |
| **Mananthavady Forane** | | | | | |
| Alattil | 19 | 19 | 16 | 3 | 84% |
| Boys Town | 2 | 2 | 1 | 1 | 50% |
| Elappeedika | 9 | 9 | 8 | 1 | 100% |
| Karimani | 3 | 3 | 3 | 0 | 100% |
| Kuttimoola | 6 | 6 | 5 | 1 | 83% |
| Kaniyaram | 43 | 42 | 39 | 3 | 91% |
| Mananthavady | 16 | 16 | 12 | 4 | 75% |
| Muthireri | 9 | 9 | 8 | 1 | 89% |
| Parathottam | 7 | 7 | 5 | 2 | 71% |
| Periya | 6 | 6 | 6 | 0 | 100% |
| Poroor | 26 | 26 | 22 | 4 | 85% |
| Prasanthagiri | 5 | 5 | 5 | 0 | 100% |

| | | | | | |
|---|---|---|---|---|---|
| Puthiyidom | 18 | 18 | 16 | 2 | 89% |
| Thalapuzha | 6 | 6 | 5 | 1 | 83% |
| Thavinjal | 23 | 23 | 21 | 2 | 91% |
| Valad | 5 | 5 | 5 | 0 | 100% |
| Valiyakolly | 3 | 3 | 3 | 0 | 100% |
| Yavanarkulam | 13 | 13 | 11 | 2 | 85% |
| **TOTAL** | **219** | **218** | **191** | **27** | **87%** |
| **Manimooly Forane** | | | | | |
| Manimooly | 42 | 42 | 32 | 10 | 76% |
| Marutha | 1 | 1 | 1 | 0 | 100% |
| Munderi | 9 | 9 | 7 | 2 | 78% |
| Narivalamunda | 22 | 22 | 21 | 1 | 95% |
| Thalippadam | 5 | 5 | 5 | 0 | 100% |
| Palankara | 21 | 21 | 18 | 3 | 86% |
| Pathirippadam | 16 | 16 | 9 | 7 | 56% |
| Thalanji | 21 | 21 | 17 | 4 | 81% |
| **TOTAL** | **144** | **144** | **112** | **32** | **78%** |
| **Mullenkolly Forane** | | | | | |
| Adikolly | 19 | 19 | 18 | 1 | 95% |
| Amarakkuni | 8 | 8 | 8 | 0 | 100% |
| Irulam | 10 | 10 | 9 | 1 | 90% |
| Kabanigiri | 15 | 15 | 15 | 0 | 100% |
| Marakavu | 39 | 39 | 28 | 11 | 72% |
| Marakkadavu | 23 | 23 | 17 | 6 | 74% |
| Mullenkolly | 40 | 40 | 32 | 8 | 80% |
| Padichira | 21 | 21 | 18 | 3 | 86% |
| Pattanikoop | 10 | 10 | 10 | 0 | 100% |
| Pulpally | 24 | 24 | 24 | 0 | 100% |
| Seethamount | 22 | 22 | 16 | 6 | 73% |
| Sisumala | 20 | 20 | 19 | 1 | 95% |
| **TOTAL** | **251** | **251** | **214** | **37** | **85%** |
| **Nadavayal Forane** | | | | | |
| Arinchermala | 14 | 14 | 14 | 0 | 100% |
| Cherukattoor | 29 | 29 | 29 | 0 | 100% |
| Chundakkara | 40 | 40 | 28 | 12 | 70% |
| Kalluvayal | 18 | 18 | 16 | 2 | 89% |
| Kaniyambetta | 8 | 8 | 8 | 0 | 100% |
| Kenichira | 33 | 33 | 27 | 6 | 82% |
| Kurumbalakotta | 7 | 7 | 6 | 1 | 86% |
| Nadavayal | 60 | 60 | 52 | 8 | 87% |
മൂന്ന് ദിവസത്തെ പരിശുദ്ധാത്മാഭിഷേക കൺവെൻഷന് മാനന്തവാടി കരിസ്മാറ്റിക് സോണും സീയോൻ ധ്യാനകേന്ദ്രവും സംയുക്തമായി നേതൃത്വം നൽകി. ഒന്നാം ദിവസം വ്യാഴം 9 മണിക്ക് ജപമാലയോടുകൂടെ ശുശ്രൂഷകൾ ആരംഭിച്ചു. 10 മണിക്ക് മാനന്തവാടി വികാരി ജനറാൾ റവ.ഫാ. അബ്രഹാം നെല്ലിക്കൽ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് ബ്രദർ ജോയി ആന്റണി ക്ലാസെടുത്തു. മാനന്തവാടി രൂപതയുടെ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് വി.കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം അനുഗ്രഹ ധ്യാനകേന്ദ്രം ഡയറക്ടർ റവ.ഫാ. മാത്യു വയലാമണ്ണിൽ വിടുതൽ ആരാധനയ്ക്ക് നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷ സമാപിച്ചു. രണ്ടാം ദിവസം ശുശ്രൂഷകൾക്ക് സബ്സോൺ സോണൽ മിനിസ്ട്രി ടീം നേതൃത്വം നൽകി. ബ്രദർ ഷാജി വൈക്കത്ത്പറമ്പിൽ ക്ലാസെടുത്തു. തുടർന്ന് (കോഴിക്കോട് രൂപതാമെത്രാൻ) അഭിവന്ദ്യ മാർ വർഗീസ് ചക്കാലയ്ക്കൽ പിതാവ് വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം മക്കിയാട് ബനഡിക്ടൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. രാജീവ് പാല്യത്തറ സൗഖ്യാരാധനയ്ക്ക് നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു. മൂന്നാം ദിവസത്തെ ശുശ്രൂഷകൾക്ക് സീയോൻ ധ്യാനകേന്ദ്രം ടീം നേതൃത്വം നൽകി. അഭിവന്ദ്യ മാർ സാമുവേൽ ഷെറേനിയോസ് പിതാവ് (കെ.സി.ബി.സി. ചെയർമാർ) ക്ലാസെടുത്തു. തുടർന്ന് റവ.ഫാ. വർഗീസ് മുണ്ടക്കൽ (കെ.സി.സി. ആർ.എസ്.റ്റി. ചെയർമാൻ) വി.ബലിയർപ്പിച്ചു. ലഘുഭക്ഷണത്തിനുശേഷം സിയോൻ ഡയറക്ടർ റവ.ഫാ. സോണി വാഴകാട്ട്, റവ.ഫാ. മാത്യു മൂത്തേടം എന്നിവർ അഭിഷേക ആരാധനയ്ക്ക് നേതൃത്വം നൽകി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാംശനി - സ്പിരിചൽ ഷെയറിംഗ് (13-4-2019)**

വെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് സ്പിരിചൽ ഷെയറിംഗിന് ഒരുക്കമായി ശുശ്രൂഷകർ പ്രാർത്ഥനാ കൂട്ടായ്മ നടത്തി. രാത്രി 8 മണിയോടെ ശുശ്രൂഷകൾ സമാപിച്ചു. ശനിയാഴ്ച രാവിലെ 9.30 ന് സ്പിരിചൽ ഷെയറിംഗ് ആരംഭിച്ചു ധാരാളം പേർ പങ്കെടുത്തു.

**താമസിച്ചുള്ള ക്രിസ്റ്റീൻ ധ്യാനം (25,28)**

നാല് ദിവസത്തെ താമസിച്ചുള്ള ക്രിസ്റ്റീൻ ധ്യാനത്തിന് റവ.ഫാ. സോണി വാഴകാട്ട്, റവ.ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ.ഫാ. ബാബു മൂത്തേടത്ത് എന്നിവർ നേതൃത്വം നൽകി.

**നാലാം ശനി - രോഗസൗഖ്യ ശുശ്രൂഷാദിനം (27-4-2019)**

രാവിലെ 9.30 ന് സൗഖ്യശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥനകൾ ആരംഭിച്ചു. ജപമാല, കുരിശിന്റെ വഴി, സ്തുതിആരാധന, വി. കുർബാന, തൈലാഭിഷേക പ്രാർത്ഥന എന്നിവ നടത്തി.

**ഇടവക ധ്യാനങ്ങൾ**

4-6 വരെ യവനാർകുളം ഇടവകയിലും 11-17 വരെ ബോംബെ കല്യാൺ രൂപതയിലും 28 മുതൽ മെയ് 1 വരെ സീതാമൗണ്ട് ഇടവകയിലും വാർഷിക ധ്യാനത്തിന് റവ.ഫാ. സോണി വാഴകാട്ട്, ബ്രദർ ജോസഫ് വട്ടക്കുന്നേൽ, ബ്രദർ ബിജു, സി. മെറീന എഫ്.സി.സി., സി. അന്ന എന്നിവർ നേതൃത്വം നൽകി.

**മെയ് മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 3-5-2019 ആദ്യവെള്ളി | - | എൽഡറിംങ്ങ്, ടീം മീറ്റിംഗ്<br>ജാഗരണ പ്രാർത്ഥന |
| 4-5-2019 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 10-5-2019 രണ്ടാം വെള്ളി | - | തൂവാനീസാ സംഗമം |
| 11-5-2019 രണ്ടാം ശനി | - | പൊതു സ്പിരിച്വൽ ഷെയറിംഗ് |
| 17-5-2019 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 17-20 വെള്ളി, തിങ്കൾ | - | ദമ്പതീ ധ്യാനം |
| 25-5-2019 നാലാം ശനി | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

മെയ്മാസം ദൈവമാതാവിനെ പ്രത്യേകമായി വണങ്ങുവാൻ സഭ നിശ്ചയിച്ചിരിക്കുന്ന മാസമാണല്ലൊ. കത്തോലിക്കാസഭയിൽ നിന്നും പിരിഞ്ഞുപോയ പല സഭാവിഭാഗങ്ങളും മാതാവിനെ അവഗണിക്കുമ്പോഴും നമ്മൾ കത്തോലിക്കാ സഭാതനയർ മാതാവിനെ യേശുവിലേക്കെത്തുവാനുള്ള കുറുക്കുവഴിയായി കാണുന്നു. മാതാവിനോട് നാം പ്രത്യേക പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും അവ നമ്മൾക്ക് ലഭിക്കുകയും ചെയ്യുന്നു. നമുക്കറിയാം മാതാവിന്റെ ജീവിതം കഷ്ടതകളുടെയും വേദനകളുടെയും നടുവിലൂടെയായിരുന്നു. എന്നാൽ മാതാവ് ഇതെല്ലാം ദൈവത്തിന് സമർപ്പിച്ച് സന്തോഷവതിയായി. ഈ സഹനങ്ങൾക്കെല്ലാമപ്പുറം ശാശ്വത സന്തോഷത്തിന്റെ ഒരു വലിയ അവസ്ഥ–സ്വർഗരാജ്യം തന്നെ കാത്തിരിപ്പുണ്ടെന്ന് മാതാവിന് അറിയാമായിരുന്നു. വിൻസെൻഷ്യൻ സഹോദരരായ നാം ഇത്തരുണത്തിൽ നമ്മെക്കുറിച്ച് സ്വയം ഒരാത്മശോധന നടത്തുന്നത് അഭികാമ്യമായിരിക്കും. സഹനങ്ങൾ നമ്മോടൊപ്പവുമുണ്ട്. ഈ സഹനങ്ങളെ നാം എങ്ങിനെയാണ് അഭിമുഖീകരിക്കുന്നത്. നന്മ ചെയ്തുകൊണ്ട് സഹോദരങ്ങൾക്ക് ക്രിസ്തുവിന്റെ സുവിശേഷം പകർന്ന് നല്കുന്നവരായി നാം മാറണം. സുവിശേഷത്തിന്റെ വെളിച്ചം ലഭിക്കുമ്പോൾ നാം നന്മ തിന്മകൾ തിരിച്ചറിയും. നാം ആയിരിക്കുന്ന അവസ്ഥയിൽ സുവിശേഷ വാഹകരും സുവിശേഷ പ്രഘോഷകരുമായി മാറണം. നമ്മുടെ സഹോദരരുടെ കാവൽക്കാരായി നാം മാറണം. നമ്മുടെ സഹോദരർ വിശന്ന്, ഉടുക്കാൻ വസ്ത്രമില്ലാതെ, കയറിക്കിടക്കാൻ ഒരു വീടില്ലാതെ, രോഗബാധിതനായിരിക്കുമ്പോൾ അവരെ തന്നാലാവുംവിധം സഹായിക്കാതെ എങ്ങനെ ഒരു വിൻസെൻഷ്യന് സുഖലോലുപരായി അലസരായി ജീവിക്കുവാൻ കഴിയും. ഉണർന്ന് പ്രവർത്തിക്കുക. അപരന്റെ വേദനയിൽ അവനെ ആശ്വസിപ്പിച്ച് അവന്റെ സഹോദരനായി മാറുന്നവനാണ് യഥാർത്ഥ വിൻസെൻഷ്യൻ. അതിനായി നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

**സി.സി. പഠന ക്യാമ്പുകൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഏര്യാതലങ്ങളിൽ പഠന ക്യാമ്പുകൾ നടന്നുവരികയാണല്ലോ. കൽപ്പററ സെന്റ് വിൻസെന്റ് ഡി പോൾ പള്ളിയിൽ കൽപ്പറ്റ, ചുണ്ടക്കര, വാഴവറ്റ എ.സി.കളുടെ സംയുക്താഭിമുഖ്യത്തിൽ വാർഷിക സെമിനാർ നടത്തി. കൽപ്പറ്റ എ.സി. പ്രസിഡന്റ് സി.സിസിലി പഴേമഠത്തിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ റവ. ഫാ. സുനിൽ തെക്കേപ്പുര മുഖ്യപ്രഭാഷണം നടത്തി. പ്രോജക്ട് വിഷൻ സ്ഥാപകൻ റവ.ഫാ.ജോർജ്ജ് കണ്ണന്താനം, സി.സി. ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര.ബാബു നമ്പുടാകം, ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സുകൾ എടുത്തു.

ബത്തേരി, പുൽപ്പള്ളി, നടവയൽ, പാടിച്ചിറ എ.സി.കളുടെ സംയുക്താഭിമുഖ്യത്തിൽ ബത്തേരി അസംപ്ഷൻ പള്ളിയിൽ പഠന ക്ലാസ് നടത്തി. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. അസംപ്ഷൻ പള്ളി വികാരി റവ. ഫാ. ജെയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. സി.സി.ഭാരവാഹികളായ ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്ര.എൻ.യു.ജോൺ, ബ്ര.ബാബു നമ്പുടാകം,വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ ക്ലാസ്സുകൾ നയിച്ചു. എ.സി. പ്രസിഡന്റുമാരായ ജോസ് മാത്യു മെഴുകനാൽ, എ.കെ. ഇമ്മാനുവേൽ,സണ്ണി ആലഞ്ചേരി, തോമസ് തറയിൽ എന്നിവർ നേതൃത്വം നല്കി.

**സി.സി. വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ 41-ാമത് വാർഷികം 2019 മേയ് 11 ന് മുള്ളൻകൊല്ലി സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നടത്തപ്പെടുകയാണ്.രാവിലെ 9-ന് രജിസ്ട്രേഷൻ, 9.30-ദിവ്യബലി, 10.45-വാർഷിക സമ്മേളനം മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്യും. സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി ദേശീയ പ്രസിഡന്റ് ജോൺസൺ വർഗീസ് മുഖ്യസന്ദേശം നല്കും. റവ. ഫാ. ചാണ്ടി പുനക്കാട്ട്, റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര, വി. വി. അഗസ്റ്റിൻ (പ്രൊ എക്ലേസ്യ എയ് പൊന്തിഫിച്ചെ പേപ്പൽ ബഹുമതി ജേതാവ്) എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കും. നേത്രദാന സന്ദേശം റവ.ഫാ.ജോർജ്ജ് കണ്ണന്താനം നല്കും.1.30-ന് സ്നേഹ

വിരുന്ന്. എല്ലാ വിൻസെൻഷ്യൻ അംഗങ്ങളും കുടുംബ സമേതം വാർഷികാഘോഷങ്ങളിൽ പങ്കെടുക്കേണ്ടതാണ്.

**ഓസാനാംഭവൻ**

ഓസാനാംഭവൻ വാർഷിക സമ്മേളനം നടവയൽ ഓസാനാം ഭവൻ ഹാളിൽ നടന്നു. വാർഷിക പ്രവർത്തന റിപ്പോർട്ട്, 2018–19 വാർഷിക കണക്ക്, 2019–20 ബഡ്ജറ്റ്, എന്നിവ സെക്രട്ടറി വിൻസെന്റ് ജോൺ വടക്കുംചേരി അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. തുടർന്ന് ഓസാനാംഭവൻ 2019–20 സാമ്പത്തിക വർഷ ത്തേക്കുള്ള ഭരണസമിതി തെരഞ്ഞെടുപ്പ് നടന്നു. രഹസ്യ ബാലററു പയോഗിച്ചുള്ള തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവരെ തെരഞ്ഞെടു ത്തു.എ.വി.ജോർജ്ജ് ആക്കാന്തിരി, വിൻസെന്റ് ജോൺ വടക്കുംചേരി, ബാബു നമ്പുടാകം, എൻ.യു.ജോൺ, അഗസ്റ്റിൻ കൊടിയംകുന്നേൽ, തോമസ് മാങ്ങൻ, കെ.പി.ജോ, എ.കെ. ഇമ്മാനുവേൽ, ഫ്രാൻസീസ് പുലിക്കോട്ടിൽ, സിസിലി മാത്യു പഴേമഠം, ബേബി മരിയ പുലിക്കോട്ടിൽ. ഭാരവാഹികൾ – എ.വി.ജോർജ്ജ് ആക്കാന്തിരി (ചെയർമാൻ), അഗ സ്റ്റിൽ കൊടിയംകുന്നേൽ (വൈ. ചെയർമാൻ), വിൻസെൻറ് ജോൺ വടക്കുംചേരി (സെക്രട്ടറി), ബാബു നമ്പുടാകം (ട്രഷറർ), സിസിലി പഴേമഠം (ജോ. സെക്രട്ടറി).

**ഓസാനാംഭവൻ സന്ദർശനം**

2019 മെയ് – പയ്യമ്പള്ളി, നടവയൽ എ.സി., ജൂൺ–ചുണ്ടക്കര, തോണിച്ചാൽ എ.സി.

ഒത്തിരി സ്നേഹത്തോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

### വയനാടിന് കൈത്താങ്ങായി ലോകാരോഗ്യ സംഘടന

പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് ജില്ലയിലെ കുടിവെള്ളം, ശുചിത്വം, വൃത്തി മേഖലകളിൽ സഹായഹസ്തവുമായി ലോകാരോഗ്യ സംഘടന. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വാട്ടർ എയ്ഡ് എന്ന ഏജൻസിയും സംയുക്തമായി വയനാട്ടിലെ തെരഞ്ഞെടുക്കപ്പെട്ട അംഗൻവാടികളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സർക്കാർ ആശുപത്രികളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വിവിധ വികസന പദ്ധതികൾക്ക് ലോകാരോഗ്യ സംഘടന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ വാഗ്ദാനം ചെയ്തു. ഇതുമായി ബന്ധപ്പെട്ട് മാനന്തവാടി സബ് കളക്ടർ ഓഫീസിൽ നടന്ന പദ്ധതി ആസൂത്രണ യോഗം വയനാട് സബ് കളക്ടർ ശ്രീ. എൻ.എസ്. കെ. ഉമേഷ് IAS ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല അദ്ധ്യക്ഷത വഹിച്ചു. ലോകാരോഗ്യ സംഘടന പ്രതിനിധി ശ്രീ. മൻജിദ് സലൂജ പദ്ധതി വിശദീകരണം നടത്തി. വയനാട്ടിലെ തെരഞ്ഞെടുക്കപ്പെട്ട 60 അംഗൻവാടികളിലും 10 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും, ദ്വാരക ആയുർവേദ ആശുപത്രിയിലും, വയനാട് ജില്ലാ ആശുപത്രിയിലും കുടിവെള്ളം, ശുചിത്വം, വൃത്തി മേഖലകളിൽ വിവിധങ്ങളായ വികസന പരിപാടികൾ നടപ്പിലാക്കുമെന്ന് ശ്രീ. മൻജിദ് സലൂജ വ്യക്തമാക്കി. ജില്ലയിൽ കുടിവെള്ളം, ശുചിത്വം, വൃത്തി മേഖലകളിൽ ഏതാനും മാതൃകകൾ രൂപപ്പെടുത്തണമെന്നും, 2019 ജൂൺ അവസാനത്തോടെ പദ്ധതി പൂർത്തീകരിക്കണമെന്നും സബ് കളക്ടർ ആവശ്യപ്പെട്ടു. വാട്ടർ എയ്ഡ് റീജിയണൽ മാനേജർ രാജേഷ് രംഗരാജൻ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, വാട്ടർ എയ്ഡ് പ്രോഗ്രാം ഓഫീസർ ബൈജേഷ് കട്ടർകണ്ടി, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ്. പി.എ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോക്ടർ രേണുക, ജില്ലാ സാമൂഹ്യ ക്ഷേമ വകുപ്പ് പ്രോഗ്രാം ഓഫീസർ ശ്രീമതി ലിജിന, ജില്ലാ ആയുഷ് ഹോസ്പിറ്റൽ പ്രതിനിധി ഡോക്ടർ സിജോ എന്നിവർ സംസാരിച്ചു.

**നീരുറവകൾ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതികൾ കൂടുതൽ സജീവമാകുന്നു**

പ്രളയാനന്തരം കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങളിൽ നീരുറവകൾ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതികൾ കൂടുതൽ സജീവമാകുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് അതിജീവനം പദ്ധതിയുടെ ഭാഗമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മുൻപ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി യൂണിസെഫുമായി സഹകരിച്ച് നടപ്പിലാക്കിയ നീരുറവകൾ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതികൾ ഏറെ സ്വീകാര്യവും ശ്രദ്ധേയവുമായ സാഹചര്യത്തിലാണ് കൂടുതൽ പ്രദേശങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നത്. ഏറ്റവും കുറഞ്ഞ മുതൽ മുടക്കിൽ, വളരെ വേഗത്തിൽ, വർഷം മുഴുവൻ കുടിവെള്ളം സുലഭമായി ലഭ്യമാക്കുവാൻ സാധിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ സവിശേഷത. ആവർത്തന ചെലവ് ഒട്ടും ഇല്ലാ എന്നതും, ഏറ്റവും ശുദ്ധമായ വെള്ളം ലഭ്യമാകുന്നു എന്നതും ഈ പദ്ധതിയുടെ സവിശേഷതകളാണ്. ഈ പദ്ധതിക്ക് പ്രധാനമായും മൂന്ന് ഭാഗങ്ങളാണ് ഉള്ളത്. ആദ്യമായി നിലവിലുള്ള പ്രകൃതി ദത്ത ഉറവിടങ്ങളുടെ സംരക്ഷണമാണ്. ഇതിനായി നീരുറവകൾ കണ്ടെത്തി അവയ്ക്കു ചുറ്റും പ്രാദേശികമായി ലഭിക്കുന്ന കല്ലുകൾ ഉപയോഗിച്ച് 'സ്പ്രിങ് ബോക്സുകൾ' തയ്യാറാക്കുന്നു. അവിടെനിന്നു പൈപ്പ് വഴി കുടിവെള്ളം പ്രത്യേകം തയ്യാറാക്കിയ ഫിൽറ്ററിംങ് യൂണിറ്റിൽ എത്തിക്കുന്നു. ഫിൽറ്ററിങ് മീഡിയയിലൂടെ കടന്ന് പൂർണമായും ശുദ്ധമായ കുടിവെള്ളം പൈപ്പിലൂടെ ജനവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നു. കഴിഞ്ഞ പ്രളയ കാലത്ത് മണ്ണിടിച്ചിൽ മൂലം മൂടപ്പെട്ടുപോയ നീരുറവകൾ കണ്ടെത്തി പ്രദേശ വാസികളുടെ പൂർണമായ പങ്കാളിത്തത്തോടെ പൂർണമായും പ്രാദേശികമായി ലഭിക്കുന്ന കാട്ട് കല്ല് ഉപയോഗിച്ചാണ് നീരുറവകൾ സംരക്ഷിക്കുന്നത്. ഇതുമൂലം പരിസ്ഥിതിക്ക് യാതൊരു ആഘാതവും സംഭവിക്കുന്നില്ല. ഇതിനോടകം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിയ ഈ പദ്ധതി ലോക ശ്രദ്ധ നേടുകയുണ്ടായി. യൂണിസെഫ്, ലോകാരോഗ്യ സംഘടന തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികൾ ഈ പദ്ധതിയെ കുറിച്ച് പഠിക്കുകയും വയനാടിന് ഏറ്റവും അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കാരിത്താസ് ഇന്ത്യ ആണ് പദ്ധതിക്കാവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ്

സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്.പി.എ., കോ-ഓർഡിനേറ്റർ ചാക്കോ എൻ.ജെ. എന്നിവർ നേതൃത്വം നൽകുന്നു.

**പ്രകൃതിദത്ത ജല സ്രോതസുകളിലൂടെ കുടിവെള്ളം ഉറപ്പുവരുത്തി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി**

പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങളിൽ പ്രകൃതിദത്ത ജല സ്രോതസുകൾ സംരക്ഷിച്ചുകൊണ്ട് കുടിവെള്ളം ഉറപ്പുവരുത്തുന്ന പദ്ധതിക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തുടക്കം കുറിച്ചു. വയനാട്ടിൽ സുലഭമായിട്ടുള്ള തലകുളങ്ങൾ, കേണികൾ എന്നിവ പുനഃരുജ്ജീവിപ്പിച്ച് ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ളം കുറഞ്ഞ ചെലവിൽ വളരെ വേഗം നൽകുവാനാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യം വെക്കുന്നത്. പ്രളയത്തിൽ തകർന്നുപോയ തലകുളങ്ങൾ, കേണികൾ എന്നിവ കണ്ടെത്തി, ജനകീയ പങ്കാളിത്തത്തോടെ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് പ്രദേശത്ത് സുലഭമായി ലഭിക്കുന്ന കാട്ടുകല്ല് ഉപയോഗിച്ച് കെട്ടി സംരക്ഷിക്കുകയാണ് ഈ പദ്ധതിയിലൂടെ ചെയ്യുന്നത്. വളരെ വേഗത്തിൽ പൂർണമായ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന ഈ പദ്ധതിയും ഏറെ ശ്രദ്ധേയമായി കഴിഞ്ഞു. കാരിത്താസ് ഇന്ത്യയുടെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി 40 തലകുളങ്ങൾ/കേണികൾ പുനഃരുദ്ധരിക്കാനാണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ലക്ഷ്യമിടുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്. പി.എ., കോർഡിനേറ്റർ ചാക്കോ എൻ.ജെ. എന്നിവർ നേതൃത്വം നൽകുന്നു.

പ്രളയ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി CRS - കാത്തലിക് റിലീഫ് സർവീസസ് എന്ന സംഘടന പുതിയതായി 95 ആദിവാസി -'പണിയ' വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗമായി ആട് വിതരണം ചെയ്തു.

**സേവ് എ ഫാമിലി പ്ലാൻ**

കുടുംബോദ്ധാരണ പദ്ധതിയുടെ ഭാഗമായി പുതിയ കുടുംബങ്ങളുടെ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. സേവ് എ ഫാമിലിയുടെ സുവർണ്ണ ജൂബിലി സ്മാരകമായി നടന്നുവരുന്ന ഭവന നിർമ്മാണ

പദ്ധതിയുടെ ആദ്യഘട്ടം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചു. രണ്ടാം ഘട്ടത്തിലേക്കുള്ള ഫണ്ട് 25 കുടുംബങ്ങൾക്കും ലഭിച്ചു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചു വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**യൂണിറ്റ് മീറ്റിംഗ്**

ആഗോളതാപനം എന്ന വിഷയത്തെ ആസ്പദമാക്കി തവിഞ്ഞാൽ KLM യൂണിറ്റിൽ നടത്തിയ മീറ്റിംഗിൽ 75 പേർ പങ്കെടുത്തു. യൂണിറ്റ് സെക്രട്ടറി, പ്രസിഡണ്ട്, കോർഡിനേറ്റർ ഷീന എന്നിവരുടെ സാന്നിധ്യത്തിൽ ശ്രീ. അൽഫോൻസ് ക്ലാസ്സെടുത്തു.

കേരള ടൈലറിംഗ് വർക്കേഴ്സിന്റെ യൂണിയൻ ഓൺലൈൻ രജിസ്ട്രേഷൻ നടന്നു വരുന്നു.

**ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

ജീവസ് ജീവകാരുണ്യ മെഡിക്കൽ പദ്ധതി മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന പദ്ധതിയാണ്. 1581 കുടുംബങ്ങൾ ഈ പദ്ധതിയിൽ കഴിഞ്ഞ വർഷം അംഗത്വമെടുത്തിട്ടുണ്ട്. 360 ക്ലേമുകൾ കമ്പനിക്ക് നൽകിയതിൽ 352 ഉം പാസ്സായി 31,60,580/- രൂപ പാസ്സായി.

ഈ സാമ്പത്തിക വർഷത്തിൽ 1880 കുടുംബങ്ങൾ അംഗത്വമെടുത്തു. 'ജീവസ്' മെഡിക്കൽ ഇൻഷൂറൻസിൽ ഓരോ കുടുംബത്തേയും അംഗമാക്കാൻ സഹായിച്ച ഇടവക വികാരിമാർ, സിസ്റ്റേഴ്സ്, മറ്റ് സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

**DDU-GKY**

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്നത്.

ഫാബ്രിക്കേഷൻ, ബ്യൂട്ടീഷ്യൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ഫുഡ് പ്രോസസ്സിംഗ് ആന്റ് പ്രിസർവേഷൻ, എന്നീ കോഴ്സുകളിലേക്ക് പുതിയതായി അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കുട്ടികൾക്ക് തികച്ചും സൗജന്യമായി താമസിച്ചു പഠിക്കുവാനുള്ള സൗകര്യവും ഈ കോഴ്സിന്റെ മറ്റൊരു പ്രത്യേകതയാണ്. പുതിയ ബാച്ചുകളുടെ ക്ലാസ്സുകൾ ഏപ്രിൽ മാസം മുതൽ മാനന്തവാടിയിലും, ബോയ്സ് ടൗണിലും ആരംഭിക്കുന്നതാണ്. തികച്ചും സൗജന്യമായ ഈ കോഴ്സിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് പഠന സമയങ്ങളിൽ ഉള്ള സ്റ്റൈഫണ്ട്. ഓരോ കുട്ടിക്കും ഹാജറിന് അനുസരിച്ച് ദിവസം 125 രൂപയോളം ലഭിക്കുന്നതാണ്.

**സ്വീയിങ്ങ് മെഷീന്റെ പുതിയ ബാച്ച് ആരംഭിച്ചു**

കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥികളുടെ പ്ലേയ്സ്മെന്റ് വിജയകരമായി പൂർത്തിയാക്കി.

DDU-GKY കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാബ്രിക്കേഷൻ, ബ്യൂട്ടീഷൻ, ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, ഫുഡ് പ്രോസസ്സിംഗ് ആന്റ് പ്രെസെർവേഷൻ എന്നീ കോഴ്സുകൾക്ക് പത്താം ക്ലാസ്സാണ് അടിസ്ഥാന പ്രവേശന യോഗ്യത. ഈ കോഴ്സുകൾ ഏപ്രിൽ മാസം മുതൽ ആരംഭിക്കുന്നു.

വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു. ആധുനിക സജ്ജീകരണങ്ങളോട് കൂടിയ ക്ലാസ്സ് റൂമുകൾ, വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകുന്നു. കൂടാതെ ഓരോ വിദ്യാർത്ഥികൾക്കും പഠനസമയങ്ങളിൽ കമ്പ്യൂട്ടർ/ടാബ്ലെറ്റ്സ് എന്നിവയും കൊടുക്കുന്നതാണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി ഭക്ഷ്യോൽപ്പാദനവും വർദ്ധിപ്പിക്കുക വളരെ അത്യാവശ്യമായ കാര്യമാണ്. എന്നാൽ ഏതു തരത്തിലെങ്കിലും ഉത്പാദനം കൂട്ടുക എന്നതല്ല മറിച്ച് നിലവിലുള്ള കൃഷി ഭൂമിയിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും മേൽ കടന്നുകയറ്റമില്ലാതെ പ്രത്യാക്രമണങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള ഉത്പാദന വർദ്ധനവാണ് നമുക്കാവശ്യം. പുറമേ നിന്നുള്ള ഉത്പാദനോപാദികളുടെ വർദ്ധിച്ച ഉപയോഗവും സാങ്കേതിക ഉത്പാദന രീതികളും കൃഷി സമ്പ്രദായങ്ങളും വയനാട്ടിലെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ആക്കം കൂട്ടുകയും കാർഷിക നാശത്തിന് കാരണമാവുകയും ചെയ്യുന്നു. അതുകൊണ്ട് ഉത്പാദന വ്യൂഹത്തിന്റെ വമ്പിച്ച തോതിലുള്ള വൈവിധ്യവൽക്കരണം ലഭ്യമായ പ്രാദേശിക വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നഷ്ടസാധ്യതകൾ ഒഴിവാക്കികൊണ്ടുള്ള പാരിസ്ഥിതിക ഭദ്രത സാമ്പത്തിക ഭദ്രത എന്നിവയുടെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

പലതരത്തിലുള്ള ഭൂവിനിയോഗ പ്രക്രിയയും, പ്രകൃതി വിഭവങ്ങളുടെ മേൽ അനിയന്ത്രിതമായ കടന്നുകയറ്റവും ചൂഷണങ്ങളും മനുഷ്യനും അവന്റെ ചുറ്റുപാടുമുള്ള ബന്ധത്തിൽ ഗൗരവതരമായ വിള്ളലുണ്ടാക്കി. ഇത് സുസ്ഥിര കൃഷി, സുസ്ഥിത ഭൂവികസനം എന്നീ ആശയങ്ങളിലേക്ക് നയിച്ചു. ഹരിത വിപ്ലവത്തിൽ നിന്നും നിത്യഹരിത വിപ്ലവമെന്ന സങ്കൽപ്പത്തിലേക്ക് കാർഷിക മേഖല വഴിമാറി. ഇന്നത്തെ ആവശ്യങ്ങൾ നിറവേറ്റാനുതകുന്നതും അതേ സമയം ഭൂസ്വത്തുക്കൾ വരും തലമുറയ്ക്കു കൂടി ഉപയോഗിക്കാനായി സംരക്ഷിച്ചുകൊണ്ടുമുള്ള ഭൂവിനിയോഗമാണ് സുസ്ഥിര ഭൂവിനിയോഗം. സുസ്ഥിര കൃഷി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ ആശയത്തിലേക്ക് വയനാട്ടിലെ കാർഷിക മേഖലയെ എത്തിക്കുന്നതിന് ഫലവത്തായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ കുറേ വർഷങ്ങളായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഇപ്പോൾ ബയോവിൻ അഗ്രോ റിസേർച്ചും അനുവർത്തിച്ച് വരുന്നത്. കൃഷിയിൽ രാസവളങ്ങളും രാസകീടനാശിനികളും അമിതമായി ഉപയോഗിച്ചതുമൂലം പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ ഗണ്യമായി വർദ്ധിച്ചു എന്നത് ഒരു യാഥാർത്ഥ്യമാണ്. അമിതമായ രാസപ്രയോഗം മണ്ണിന്റെ ഘടന, ആരോഗ്യം, ആവാസ വ്യവസ്ഥ

എന്നിവ നശിപ്പിക്കുകയും വിളകളുടെ ആരോഗ്യവും രോഗപ്രതിരോധ ശക്തിയും തകർക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യരെ പലതരത്തിലുള്ള മാരകരോഗികളാക്കി മാറ്റുന്നതിലും രാസകൃഷി നിർണ്ണായക സ്വാധീനം ചെലുത്തുന്നു എന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ ഒരു ബദൽ കാർഷിക സംസ്കാരം ശാസ്ത്രീയമായ ജൈവകൃഷിയിലൂടെ രൂപപ്പെടുത്തുവാൻ മാനന്തവാടി രൂപതയുടെ ജൈവകൃഷി വ്യാപന സംരംഭമായ ബയോവിൻ അഗ്രോ റിസേർച്ച് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിലവിൽ 15600 ൽ അധികം കർഷകരുള്ള ബൃഹത്തായ ഒരു ജൈവകർഷക പ്രസ്ഥാനമായി നമ്മുടെ ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മാറിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

**പുതിയ അംഗങ്ങൾ**

ICS കോർഡിനേറ്ററായി ശ്രീ. സെബാസ്റ്റ്യൻ പി.ജെ. അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാരായി കുമാരി ലീമ, ശ്രീ. സജി, റീജിണൽ ഫീൽഡ് കോർഡിനേറ്ററായി ശ്രീ. ജിജി എന്നിവർ ബയോവിനിൽ പുതിയ അംഗങ്ങളായി എത്തുകയും ചെയ്തു.

**കൃഷിയിട സന്ദർശനം**

മികവുറ്റ രീതിയിൽ ജൈവകൃഷി ചെയ്യുന്ന തോട്ടങ്ങൾ കണ്ടെത്തുകയും അവ മോഡൽ ഫാമുകളാക്കി മാറ്റുന്നതിന്റെയും ഭാഗമായി ഫീൽഡ് കോർഡിനേറ്റർമാർ കൃഷിയിടങ്ങൾ സന്ദർശിക്കുകയും കർഷകരുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും അറിയുകയും ഗ്രൂപ്പ് മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, സംഭരണ രീതി, ഉത്പന്നങ്ങൾ ശേഖരിക്കുന്നത് എവിടെയൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ മനസിലാക്കി കൊടുക്കുകയും ചെയ്തു. മുൻകൂട്ടി അറിയിച്ചത് പ്രകാരം ജൈവ നിലവാരം പരിശോധിക്കുന്നതിനായി കർഷകരിൽ നിന്നും കാപ്പി, കുരുമുളക് എന്നിവയുടെ സാമ്പിൾ ശേഖരിക്കുകയും ചെയ്തു.

**കർഷകഗ്രൂപ്പ് മീറ്റിംഗുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കർഷക ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷകഗ്രൂപ്പ് മീറ്റിംഗുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും തിരഞ്ഞെടുക്കപ്പെട്ട 72 ഗ്രൂപ്പുകളിൽ റീജിണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു.

**പുതിയ അംഗത്വം**

പുതിയവർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക്

കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോട് കൂടി വിവിധ റീജിയനുകളിൽ നിന്നും 268 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും മാർച്ച് മാസം ഉണക്കകാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 984589.40 കിലോയും, കുരുമുളക് കിലോയ്ക്ക് 402 രൂപ നിരക്കിൽ 3881.35 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന്, വർഷക്കാരിൽ നിന്നും, കഫെയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 350454 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 73 രൂപ നിരക്കിൽ സംഭരിച്ചു. മാർച്ച് മാസം 3527 കർഷകരിൽ നിന്നുമായി ഉത്പന്നങ്ങൾ സംഭരിച്ചു.

**സംഭരണ ക്രമീകരണം**

കാപ്പി, ഇഞ്ചി, കുരുമുളക് എന്നിവയുടെ സംഭരണം ഫീൽഡ് കോഡിനേറ്റർമാർ നേരിട്ട് സാമ്പിൾ ശേഖരിച്ച് ജൈവ പരിശോധന നടത്തിയതിനുശേഷം മാത്രമായിരിക്കും. ഇഞ്ചി കുരുമുളക് എന്നിവയുടെ ജൈവപരിശോധനയ്ക്ക് ആവശ്യമായ തുക കർഷകർ തന്നെ വഹിക്കേണ്ടതാണ്. കാപ്പി ഈ വർഷം ബയോവിൻ/ വൊഫയുടെ ചെലവിൽ പരിശോധന നടത്തുന്നതും വരും വർഷങ്ങളിൽ കർഷകർ സ്വയം ചെലവ് വഹിക്കേണ്ടതുമാണ്. സംഭരണത്തിൽ, ഫീൽഡ് കോർഡിനേറ്റർമാർ സാമ്പിൾ ശേഖരിച്ച് ബയോവിനിൽ എത്തിച്ചത് മുതൽ 45 ദിവസത്തെ കാലവിളംമ്പം ഉണ്ടായിരിക്കുന്നതും ഈ കാലയളവിൽ NABL അംഗീകാരമുള്ള ലാബിൽ ജൈവ പരിശോധന നടത്തി സർട്ടിഫിക്കറ്റ് വാങ്ങുന്നതുമായിരിക്കും. അന്താരാഷ്ട്ര നിലവാരമുള്ള ജൈവ ഉത്പന്നങ്ങൾക്ക് ഈ സർട്ടിഫിക്കറ്റ് അനിവാര്യമായതിനാലാണ് ഇപ്രകാരം ഒരു ക്രമീകരണം വരുത്തിയിരിക്കുന്നത്.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുകവഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ ഫെബ്രുവരി മാസത്തിലും കാപ്പി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 600 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസർച്ച്

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

നീലഗിരി ഡവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടന്ന് വരുന്നു. യൂണിറ്റുകളിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾവഴി അയൽക്കൂട്ടങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് അയൽക്കൂട്ട നേതൃത്വവും, യൂണിറ്റ് നേതൃത്വവും, മേഖലാ നേതൃത്വത്തിന് ശക്തി പകരുന്നു. ഓരോ മാസവും നടക്കുന്ന യൂണിറ്റ്, മേഖലാ, ഇവാലുവേഷനുകൾ കണക്കുകൾ കൃത്യമാക്കുന്നതിനും, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പോരായ്മകൾ കണ്ടെത്താനും, നല്ല പ്രവർത്തനങ്ങൾ മനസിലാക്കാനും, പുതിയ പ്രവർത്തനങ്ങൾക്ക് ഊർജ്ജം കണ്ടെത്താനും സഹായിക്കുന്നു.

അംഗങ്ങളുടെ സാമ്പത്തിക പ്രതിസന്ധികളിൽ താങ്ങാകുന്ന അയൽക്കൂട്ടങ്ങളും, യൂണിറ്റുകളും നടപ്പാക്കുന്ന സാമ്പത്തിക സ്രോതസ്സുകൾക്ക് പുറമേ അവർതന്നെ നടത്തുന്ന ചെറിയ ചിട്ടികൾ, മറ്റു പ്രവർത്തനങ്ങളും ഏറെ ശ്ലാഘനീയമാണ്. ഓരോ യൂണിറ്റിനും ആവശ്യമായി തോന്നുന്ന സെമിനാറുകൾ സംഘടിപ്പിക്കാനും നടപ്പിലാക്കാനും ശ്രമിക്കുന്നു.

**ജൈവകൃഷി**

ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന NDS ന്റെ ലക്ഷ്യത്തിന് ഊർജ്ജം പകരുവാൻ ബയോവിനുമായി കൈകോർത്തുകൊണ്ട് ഓവാലി, ശ്രീമധുര പഞ്ചായത്തുകളിലെ കർഷകർക്ക് വേണ്ടി 10.04.2019 ന് ബോസ്പാറ ദേവാലയ പാരിഷ് ഹാളിൽവെച്ച് ഒരു ഏകദിന സെമിനാർ നടത്തി. ഏകദേശം 110 അംഗങ്ങൾ പങ്കെടുത്തു. ഈ സെമിനാറിൽ ബയോവിൻ ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴ, പെക്യൂർമെന്റ് മാനേജർ ശ്രീ. ഷാജി, NDS ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ, ICS കോഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ, CEO അമ്നിഷ്, കോഡിനേറ്റർമാരായ ജിജി ഒലക്കേങ്കൽ, അനിൽ തോട്ടുങ്കൽ എന്നിവർ പങ്കെടുക്കുകയും വിവിധ വിഷയങ്ങളെകുറിച്ച് ക്ലാസെടുക്കുകയും ചെയ്തു.

**ജീവസ് ഇൻഷുറൻസ്**

ജീവസ് ഇൻഷുറൻസിൽ ചേരാൻ ആഗ്രഹിച്ച എല്ലാ അംഗങ്ങളെയും പോളിസിയിൽ ചേർക്കുകയും പോളിസിയെകുറി ച്ചുള്ള ബോധവത്ക്കരണം ക്ലാസുകൾ നടത്തുകയും ചെയ്തു.

**ഓഫീസ് കെട്ടിട നിർമ്മാണം**

NDS ന്റെ ഓഫീസ് കെട്ടിട നിർമ്മാണം ധൃതഗതിയിൽ പുരോഗമി ച്ചുകൊിരിക്കുന്നു. അടുത്ത മാസത്തോടെ പണികൾ പൂർത്തിയാക്കാം എന്നാണ് പ്രതീക്ഷിക്കുന്നത്. ഓഫീസ് കെട്ടിടത്തിന്റെ പണികൾ പൂർത്തിയാക്കുന്നതിലൂടെ NDS ന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. സമൂഹത്തിന്റെ പാർശ്വവൽക്ക രിക്കപ്പെട്ടവർക്കിടയിൽ പ്രവർത്തിക്കുന്ന NDS ന് ഇനിയും എറെ മുന്നോട്ട് പോകേണ്ടതുണ്ട്. പുതിയ പ്രതീക്ഷകളും സ്വപ്നങ്ങളും സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥനയോടെ.. പ്രതീക്ഷയോടെ.. മുന്നോട്ട്..

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

**ദ്വിദിന ശില്പശാല-ഡൽഹി**

മാർച്ച് മാസം 25-26 തീയതികളിൽ ഡൽഹിയിൽ വച്ച് കമ്മ്യൂണിറ്റി റേഡിയോ സംഘടനയായ Ideosync Media Combine സംഘടിപ്പിച്ച ദ്വിദിന വർക്ക്ഷോപ്പിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് ഫാ. ബിവാൾഡിൻ തേവർകുന്നേൽ സംബന്ധിച്ചു. ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ആരംഭിക്കാനാവശ്യമായ പ്രാരംഭ നടപടികൾ മുതൽ സ്റ്റേഷനെ സാമ്പത്തിക-മാനവ-വിഭവശേഷി തലങ്ങളിൽ മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനുള്ള വഴികളും ചർച്ചചെയ്യുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കേന്ദ്രഗവൺമെന്റിന്റെ കമ്മ്യൂണിറ്റി റേഡിയോ പോളിസി നവീകരണത്തിനായി സമർപ്പിക്കേണ്ട നിർദ്ദേശങ്ങൾ പ്രോഗ്രാമിന്റെ ഭാഗമായി മീറ്റിംഗിൽ സംബന്ധിച്ചവരിൽ നിന്ന് സ്വരൂപിച്ചു.

**ശില്പശാലകൾ സംഘടിപ്പിച്ചു**

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന SMART ന്റെ നേതൃത്വത്തിലുള്ള ടീം യുനൈറ്റഡ് നാഷൻസ് നല്കിയിട്ടുള്ള 17 ലക്ഷ്യങ്ങൾ അനുസരിച്ചുള്ള കമ്മ്യൂണിറ്റി റേഡിയോയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി ഏപ്രിൽ 5 ന് മാറ്റൊലി സന്ദർശിച്ചു. ശ്രീമതി അർച്ചന കപൂർ, ശ്രീമതി ജയലക്ഷ്മി ചിറ്റൂർ, ശ്രീമതി പിങ്കി ചന്ദ്രൻ എന്നിവരടങ്ങുന്ന ടീം റേഡിയോ പ്രോഗ്രാം നിർമ്മാണത്തിൽ പരിശീലനം നല്കി.

ഹൈദരബാദ് സെൻട്രൽ യൂണിവേഴ്സിറ്റി യുനസ്കോ ചെയർ കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ.ക്ഞ്ജൻ കെ മാലിക് ഏപ്രിൽ 17 ന് മാറ്റൊലി സന്ദർശിച്ചു. യൂണിവേഴ്സിറ്റി ഓഫ് ഹൈദ്രാബാദ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിലെ യുനസ്കോ ചെയറിന്റേയും ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടേയും സംയുക്താഭിമുഖ്യത്തിൽ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന തെരഞ്ഞെടുപ്പു ബോധവത്കരണ പരിപാടികൾ അവലോകനം ചെയ്തു.

**ഗ്രാമ മാറ്റൊലി**

മീനങ്ങാടി പഞ്ചായത്തിലെ പാലക്കമൂല, മാനികാവ്, ചൂതുപാറ, ഒരപ്പുവയൽ, എന്നീ സ്ഥലങ്ങളിൽ ഗ്രാമമാറ്റൊലിയുടെ ഭാഗമായി

പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്തു. അസിസ്റ്റൻറ് ഡയറക്ടർ ഫാ.ബിവാൾഡിന്റെ നേതൃത്വത്തിൽ പ്രോഗ്രാം പ്രൊഡ്യൂസേഴ്സ് റെക്കോർഡ് ചെയ്ത പ്രോഗ്രാമുകൾ മാറ്റൊലിയിൽ പ്രക്ഷേപണം ചെയ്തു.

**അക്ഷയം ക്വിസ് മത്സരം**

ജില്ലാ ടി.ബി സെന്ററിന്റെ സഹകരണത്തോടെ ക്ഷയരോഗദിനാചരണത്തിന്റെ ഭാഗമായി മാർച്ച് 17 മുതൽ 28 വരെ അക്ഷയം ക്വിസ് മത്സരം സംഘടിപ്പിച്ചു. നറുക്കെടുപ്പിലൂടെ വിജയിച്ചവർക്ക് ജില്ലാ ടി.ബി സെന്റർ സമ്മാനങ്ങൾ നല്കി.

**സ്വീപ് ബോധവത്കരണം**

പുതുവോട്ടർമാർക്ക് ഇലക്ഷൻ ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി മാനന്തവാടി മേരിമാതാ ആർട്സ് ആൻഡ് സയൻസ് കോളേജിൽ സംഘടിപ്പിച്ച സ്വീപ് പരിപാടിയിൽ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**സന്ദർശനം**

വടകര കോ ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാർത്ഥികളും, ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് ഒന്നാം വർഷ വിദ്യാർത്ഥികളും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**ജനാധിപത്യത്തിന്റെ ആഘോഷം:** ഇന്ത്യൻ ജനാധിപത്യ സംവിധാനത്തേയും വോട്ട് പാഴാക്കാതിരിക്കേണ്ടതിന്റേയും പ്രാധാന്യം വ്യക്തമാക്കുന്ന പരിപാടിയാണ് ജനാധിപത്യത്തിന്റെ ആഘോഷം.

സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ടീക്കാറാം മീണയുമായി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി ചർച്ച നടത്തുകയും തെരഞ്ഞടുപ്പ് ബോധവത്കരണ പരിപാടികൾ പ്രക്ഷേപണം ചെയ്യുകയും ചെയ്തു. കൂടാതെ ജില്ലാ കളക്ടർ എ. ആർ അജയകുമാർ തെരഞ്ഞെടുപ്പ് മാതൃകാപെരുമാറ്റ ചട്ടത്തെക്കുറിച്ച് നടത്തിയ പ്രഭാഷണവും, തെരഞ്ഞെടുപ്പ് ഒരുക്കങ്ങളെക്കുറിച്ച് അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസറും സുൽത്താൻ ബത്തേരി അസിസ്റ്റന്റ് കളക്ടറുമായ ടി ജനിൽകുമാറും മാനന്തവാടി സബ്കളക്ടർ എൻ. എസ്.കെ ഉമേഷ് എന്നിവർ സംസാരിച്ചതും സി-വിജിൽ, സുവിധ എന്നീ ആപ്ലിക്കേഷനുകളെക്കുറിച്ചും വിശദമാക്കിയത് സ്വീപിന്റെ നോഡൽ ഓഫീസർ എൻ.ഐ. ഷാജുവാണ്.

**ഇലക്ഷൻ എക്സ്പ്രസ്സ്:** കേരളത്തിലെ 20 ലോക്സഭ മണ്ഡലങ്ങളേയും സ്ഥാനാർത്ഥികളേയും പരിചയപ്പെടുത്തുന്ന പരിപാടി.

**ജനഹിതം 2019:** വയനാടിന്റെ വികസനത്തിന് ഭാവി എം.പിയിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്ന കാര്യങ്ങൾ അവരുടേതായ ശബ്ദത്തിൽ എല്ലാദിവസവും പ്രക്ഷേപണം ചെയ്യുന്ന ചുറ്റുവട്ടം പരിപാടിയിൽ ഉൾപ്പെടുത്തുന്നു.

**വോട്ടിനൊരു പാട്ട്:** തെരഞ്ഞെടുപ്പ് ബോധവത്കരണ പരിപാടികളുടെ ഭാഗമായി വോട്ട് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ശ്രോതാക്കളുടെ വോട്ടനുഭവങ്ങൾ പങ്കുവെയ്ക്കുകയും അവരുടെ പേരിൽ പാട്ട് പ്രക്ഷേപണം ചെയ്യുന്ന പരിപാടി ആരംഭിച്ചു.

**തത്സമയ ഫോൺ ഇൻ:** മാർച്ച് 24 ലോക ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ ആശുപത്രിയിലെ ഡോ. സക്കീർ ഹുസൈൻ പരിപാടിയിൽ പങ്കെടുത്തു. മുട്ടു വേദനയും ആയുർവ്വേദവും എന്ന വിഷയത്തിൽ മാർച്ച് 27-ന് തത്സമയ ഫോണിൻ പരിപാടി സംഘടിപ്പിച്ചു. അമ്പലവയൽ സഹ്യ ആയുർവേദിക് ഹോസ്പിറ്റലിലെ ഡോ. ഷറഫുദ്ദീൻ എം.കെ പങ്കെടുത്തു.

**പുതുനാമ്പുകൾ:** ജീവിതശൈലീ രോഗങ്ങളേയും പ്രതിവിധികളേയും കുറിച്ചാണ് പുതുനാമ്പുകൾ പങ്കുവെച്ചത്. ഇതേ കുറിച്ച് വിശദമാക്കിയത് പൂതാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഡോ.ജയകൃഷ്ണൻ ആണ്.

**ജലോത്സവം:** നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന പുതിയ പരിപാടിയാണ് ജലോത്സവം. ചിത്രീകരണങ്ങൾ, അഭിമുഖങ്ങൾ, കവിതകൾ, നാടകങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പരിപാടികൾ ഇനിയുള്ള മൂന്ന് മാസം പ്രക്ഷേപണം ചെയ്യുന്നു.

**ജനങ്ങൾക്കൊപ്പം:** സഹകരണ, എക്സൈസ് വകുപ്പുകൾ നൽകുന്ന സേവനങ്ങൾ പരിചയപ്പെടുത്തി. സഹകരണവകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കിയത് ജില്ലാ സഹകരണവകുപ്പ് സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ റഹീം ആണ്. ജില്ലാ എക്സൈസ് വകുപ്പിനെ പരിചയപ്പെടുത്തിയത് എക്സൈസ് ഇൻസ്പെക്ടർ ശ്രീ. ഷറഫുദീൻ ആണ്.

**നേരും പൊരുളും:** ശുചിത്വ സർവ്വേയിൽ ഇടം പിടിക്കാതെ കേരളം, ലോക്പാൽ ബിൽ, വെസ്റ്റ് നൈൽ പനി, മലയാളിയുടെ ഭാഷാ മനോഭാവം, ശ്രീചിത്തിരയിലെ ക്യാൻസർ ഗവേഷണം, കുട്ടികളുടെ യാത്ര കുട്ടിക്കളിയല്ല, അവധിക്കാലം ആഹ്ലാദകരമാക്കാം പ്രയോജനപ്രദമാക്കാം, വഴിയിൽ കൊഴിയാനുള്ളതല്ല നമ്മുടെ യുവത്വം,

സൂര്യാതപം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ദേശീയ റബർ നയം, ഗവേഷണവിഷയങ്ങളുടെ എന്നീ വിഷയങ്ങൾ നേരും പൊരുളും ചർച്ച ചെയ്തു.

**പാനൽ ചർച്ച:** ജലോത്സവം പ്രൊജക്ടിന്റെ ഭാഗമായി ജലസംരക്ഷണം പാനൽ ചർച്ച സംഘടിപ്പിച്ചു. ഓയിസ്‌ക സൗത്ത് ഇൻഡ്യ ജനറൽ സെക്രട്ടറി പ്രൊഫ. തോമസ് തേവര, സെന്റ് മേരീസ് കോളേജ് പ്രൊഫസർ ശ്രീ ബാലഗോപാൽ, ഡബ്ല്യൂ.എസ്.എസ്.എസ് എൻ.ആർ.എം കോർഡിനേറ്റർ എൻ.ജെ. ചാക്കോ, യൂത്ത് ഐക്കൺ അവാർഡ് ജേതാവ് രാകേഷ് കൃഷ്ണ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

**മനസൗഖ്യ:** പോസിറ്റീവ് സൈക്കോളജി അഥവാ ഗുണാത്മക മനശാസ്ത്രം, ഓർമ്മയുടെ ശാസ്ത്രം എന്നീ വിഷയങ്ങളെക്കുറിച്ച് മനസൗഖ്യയിൽ പങ്കുവെച്ചത് കല്പറ്റ ജനറൽ ആശുപത്രിയിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ.ജോസ്റ്റിൻ ഫ്രാൻസിസ് ആണ്. മാനസികാരോഗ്യം എങ്ങനെ ശരിയായി കാത്തുസൂക്ഷിക്കാം എന്ന് വിശദമാക്കിയത് പായോട് ജനസൗഖ്യയിലെ ഒലീവ് വെൽനെസ് കേന്ദ്രത്തിലെ സി.രജിൻ മാത്യു എം.എസ്.എം.ഐ ആണ്.

**അരങ്ങ്:** ശ്രീനാരായണ ഹയർസെക്കന്ററി സ്കൂളിലെ ലക്ഷ്മി ആലപിച്ച ചലച്ചിത്ര ഗാനവും ഭദ്രപ്രിയ ആലപിച്ച ശാസ്ത്രീയ സംഗീതവും ചെന്നലോട് ആയുർവേദിക്സിലെ ഡോ.ഇന്ദു കിഷോർ ആലപിച്ച ഗാനവും കൃഷ്ണേന്ദു ആലപിച്ച കവിതയുമാണ് അരങ്ങിലൂടെ ശ്രോതാക്കൾ കേട്ടത്.

**പ്രതിഭയും അതിഥിയും:** പയ്യംപള്ളി സെന്റ് കാതറിൻ ഹയർസെക്കന്ററി സ്കൂളിലെ അധ്യാപികയും കവിയത്രിയുമായ സ്റ്റെല്ല മാത്യുവിന്റെ വിശേഷങ്ങളാണ് പ്രതിഭയും അതിഥിയും പരിപാടിയിൽ പങ്കുവെച്ചത്.

**ധന്യമീ ജീവിതം:** കുറ്റിയാംവയൽ സ്വദേശി മുണ്ടിയാങ്കൽ കുഞ്ഞാഗസ്തി, നടുവിലെമുകളിൽ വീട്ടിൽ ഓ.ജെ വർഗ്ഗീസ്, കുറുക്കൻമൂല സ്വദേശി ഉലഹന്നാൻ നടുക്കര, എം.ടി വർക്കി എന്നിവരാണ് ധന്യമീ ജീവിതത്തിൽ പങ്കെടുത്തത്.

**ജീവിത വളയം:** കുറുക്കൻമൂലയിലുള്ള സിസിലാണ് ജീവിതവളയം പരിപാടിയിൽ പങ്കെടുത്തത്.

**ഓവർഡ്രൈവ്:** ഇന്ത്യൻ വിപണിയിലേക്കു മടങ്ങിയെത്തുന്ന ജാവ മോട്ടോർ സൈക്കിളുകളുടെ കൈമാറ്റത്തെക്കുറിച്ചും ചെറിയ മിനുക്ക് പണികളോടെ ഹോണ്ട ഗ്രാസ്യയുടെ പുതിയ ഉന്നത വേരിയന്റ് പുറത്തിറങ്ങിയെന്നതും വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കാൻ കേന്ദ്രം പ്രഖ്യാപിച്ച ഫെയിം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ

വകയിരുത്തിയിരിക്കുന്നത് 9634 കോടി രൂപയാണെന്നതും ഓവർഡ്രൈവ് പങ്കുവെച്ചു.

**പൊൻപുലരി:** കുറുക്കൻമൂലയിലുള്ള മരിയ മെസ്സ്, അമല മെസ്സ് എന്നീ സംരംഭങ്ങളെ പരിചയപ്പെടുത്തി.

**ടെക്നോമാറ്റൊലി:** ഷാവോമിയുടെ ആദ്യ ആൻഡ്രോയിഡ് ഗോ സ്മാർട് ഫോണായ റെഡ്മി ഗോ, സെർച്ച് എൻജിൻ ഭീമൻ ഗൂഗിളിന്റെ പുതിയ ആൻഡ്രോയിഡിന്റെ ആദ്യ പതിപ്പ് പുറത്തിറങ്ങിയ വിവരവും വാട്സാപ്പ് ആപ്ലിക്കേഷൻ ദുരുപയോഗം തടയുന്നതിന് പുതിയ ബീറ്റാ പതിപ്പിൽ ഗൂഗിൾ ഇമേജ് സെർച്ച് സേവനം സംയോജിപ്പിച്ചിരിക്കുന്ന വിവരവും പരിപാടി പങ്കുവെച്ചു.

**ജാലകം:** മാധ്യമ പ്രവർത്തകർക്കായി കൽപ്പറ്റ വുഡ്ലാന്റ്സ് ഹോട്ടലിൽ വെച്ച് ആരോഗ്യവകുപ്പ് നടത്തിയ ശിൽപശാലയിലെ പ്രസക്ത ഭാഗങ്ങളാണ് ജാലകത്തിൽ ഉൾപ്പെടുത്തിയത്.

**ഓട്ടോറിക്ഷ:** പടിഞ്ഞാറത്തറ, തരുവണ, തോണിച്ചാൽ, കമ്പളക്കാട് എന്നീ ഓട്ടോ സ്റ്റാന്റിലെ ഡ്രൈവർമാരുടെ വിശേഷങ്ങളും അവർ ചെയ്യുന്ന സാമൂഹ്യപ്രവർത്തനങ്ങളുമാണ് ഓട്ടോറിക്ഷ പരിപാടിയിൽ ഉൾപ്പെടുത്തിയത്.

**ക്ഷീരവാണി:** പയ്യംപള്ളിക്കടുത്ത് കുറുക്കൻമൂലയിൽ എൽദോസ് നടുക്കര, തൊണ്ടിലിൽ ബിനു, ഒഴുക്കൻമൂല സ്വദേശി പ്രിയേഷ് ഇണ്ടിക്കുഴ എന്നീ ക്ഷീരകർഷകരെയാണ് ക്ഷീരവാണി പരിചയപ്പെടുത്തിയത്

**വയൽനാട്:** കുരുമുളകിന് താങ്ങുകാൽ കൊടുക്കൽ, കുറ്റികുരുമുളക് കൃഷി, ജൈവകൃഷി, ജാതി കൃഷി ചെയ്യുമ്പോഴുള്ള വളപ്രയോഗം എങ്ങനെയാണ്, ഇഞ്ചി കൃഷിയിലെ രോഗപ്രതിരോധ മാർഗങ്ങൾ, നമ്മുടെ നാട്ടിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ മല്ലിയില, കറിവേപ്പില ഇനങ്ങളും കൃഷിരീതികളും എന്നീ വിഷയങ്ങളിൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ എൻ.മിനിരാജ് നടത്തിയ ക്ലാസുകളുടെ പ്രസക്ത ഭാഗങ്ങളും കശുമാവ് ഗവേഷണ കേന്ദ്രം മാടക്കത്തറയിലെ മുൻ മേധാവിയും കേരള കാർഷിക സർവ്വകലാശാലയിലെ പ്രൊഫസറുമായിരുന്ന ഡോ. പി.എസ് ജോണുമായി കശുമാവ് കൃഷിയെക്കുറിച്ച് നടത്തിയ അഭിമുഖവും അവശിഷ്ട വിഷവീര്യം എന്ന വിഷയത്തിൽ ഹോർട്ടികൾച്ചർ കോളേജിലെ അസി.പ്രൊഫസർ ഡോ.ബെറിൻ പത്രോസ് നടത്തിയ പ്രഭാഷണവും വയൽനാട് പരിപാടിയിൽ പ്രക്ഷേപണം ചെയ്തു.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** വിളമ്പുകണ്ടം അഞ്ചുകുന്ന് ശുദ്ധജല പദ്ധതിയെക്കുറിച്ച് പനമരം പഞ്ചായത്തിലെ 13-ാം വാർഡ് അംഗങ്ങളുടെ അഭിപ്രായങ്ങൾ പ്രക്ഷേപണം ചെയ്തു.

**കുടുംബവേദി:** തിളക്കമുള്ള വ്യക്തിത്വം നേടാൻ എന്ന വിഷയമാണ് കുടുംബവേദി കൈകാര്യം ചെയ്തത്. ഓരോ ദിവസവും നമ്മെ സ്വയം വിലയിരുത്തി നോക്കുന്നത് വ്യക്തിത്വം കൂടുതൽ ആകർഷകമാക്കാൻ സഹായകമാണ്. മറ്റുള്ളവർ എന്ത് കരുതും എന്ന് വിചാരിച്ച് മാറ്റിവെയ്ക്കാനുള്ളതല്ല നമ്മുടെ ഉറച്ച തീരുമാനങ്ങളും പ്രവർത്തനങ്ങളും. ഇതേ കുറിച്ചാണ് കുടുംബവേദി പറഞ്ഞു തന്നത്. ചാവുകടൽ നീന്തിക്കടന്നവർ, മാർച്ച് 20 അന്താരാഷ്ട്ര സന്തോഷ ദിനത്തോടനുബന്ധിച്ച് സന്തോഷിക്കൂ ആരോഗ്യം മെച്ചപ്പെടുത്തു എന്ന പരിപാടിയും പ്രക്ഷേപണം ചെയ്തു. തെറ്റും തിരുത്തും എന്ന പരിപാടിയിലൂടെ സ്വന്തം തെറ്റുകൾ എങ്ങനെ മനസിലാക്കാം എന്നും അവ തിരുത്താനുള്ള മാർഗ്ഗങ്ങളെകുറിച്ചും കുടുംബവേദി ചർച്ച ചെയ്തു.

**സ്മരണാഞ്ജലി:** സുകുമാരി, തകഴി ശിവശങ്കരപിള്ള, കെ.എം മാണി എന്നിവരെ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:** പുള്ളിക്കാരൻ സ്റ്റാറാ, കുഞ്ഞനന്തന്റെ കട, ഓലപീപ്പി എന്നീ ചിത്രങ്ങളുടെ ശബ്ദരേഖയാണ് മാറ്റൊലി ടാക്കീസിൽ ഉൾപ്പെടുത്തിയത്.

**ചിത്രവിശേഷം:** കോടതിസമക്ഷം ബാലൻ വക്കീൽ, വാരിക്കു ഴിയിലെ കൊലപാതകം, അർജന്റീന ഫാൻസ് കാട്ടൂർക്കടവ്, ലൂസിഫർ, മേരാ നാം ഷാജി എന്നീ ചിത്രങ്ങളെകുറിച്ചുള്ള അവലോകനമാണ് ചിത്രവിശേഷത്തിൽ ഉൾപ്പെടുത്തിയത്.

**ആയുർകെയർ:** ആയുർവേദത്തിലൂടെയുള്ള അരിവാൾ രോഗ ചികിത്സ എന്ന വിഷയമാണ് ആയുർകെയർ കൈകാര്യം ചെയ്തത്. രോഗത്തെകുറിച്ചും രോഗലക്ഷണങ്ങളെകുറിച്ചും പങ്കുവെച്ചത് ജില്ലാ ആയുർവേദ ആശുപത്രിയിലെ സിക്കിൾസെൽ യൂണിറ്റിലെ പ്രൊജക്ട് മെഡിക്കൽ ഓഫീസർ ഡോ.അഞ്ജലി അൽഫോസയാണ്.

**എഴുത്തരങ്ങ്:** അമ്മ, അഹല്യ, കുറ്റിക്കാട്, മൗനം, നിനക്കിനിയെന്ത്, പടവുകൾ, ജീവിതം എന്നീ കവിതകളും ഊൺ തയ്യാർ എന്ന ഗദ്യകവിതയും കാട്ടാളൻ, സുകൃതം എന്നീ കഥകളും എഴുത്തരങ്ങ് എന്ന പരിപാടിയിലൂടെ ശ്രോതാക്കൾ ആസ്വദിച്ചത്.

**മയിൽപ്പീലി:** ദ്വാരക എസ്.എച്ച് നഴ്സറി സ്കൂൾ, തേറ്റമല ഗവ. സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ കലാപരിപാടി കളാണ് ഈ ആഴ്ചയിലെ മയിൽപ്പീലിയിലൂടേയും ശ്രോതാക്കൾ ആസ്വദിച്ചത്.

**കിലുക്കാംപെട്ടി:** എയ്ബൽ, ഷിഫ നൗഷാദ് എന്നീ മിടുക്കരാണ് കിലുക്കാംപെട്ടിയിൽ അതിഥികളായി പങ്കെടുത്തത്.

**മാറ്റൊലി ക്ലബ് ടൈം:** മാനന്തവാടി എൽ.എഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ പ്രോഗ്രാമുകൾ പ്രക്ഷേപണം ചെയ്തു.

**പ്രത്യേക പരിപാടികൾ**

**അറിവും ആരോഗ്യവും:** ഏപ്രിൽ 7 ലോകാരോഗ്യ ദിനത്തോടനുബന്ധിച്ചുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**കാടില്ലാതെ നാടില്ല:** മാർച്ച് 21 ലോക വനദിനത്തോടനു ബന്ധിച്ചുള്ള പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**കാവ്യലോകത്തെ ആശാൻ:** ഏപ്രിൽ 12 മഹാകവി കുമാരനാ ശാന്റെ ജന്മദിനത്തോടനുബന്ധിച്ച് പ്രക്ഷേപണം ചെയ്ത പ്രത്യേക പരിപാടിയാണ് ഇത്.

**പ്രായത്തെ തോല്പ്പിച്ച്:** 69-ാം വയസ്സിലും കായികമത്സര ങ്ങളിൽ പങ്കെടുത്ത് വിജയം നേടുന്ന കുഴിനിലം സ്വദേശി കായികതാരം കെ.ആർ. രാജപ്പനുമായുള്ള പ്രത്യേക അഭിമുഖം പ്രക്ഷേപണം ചെയ്തു.

**സമർപ്പണത്തിനുള്ള അംഗീകാരം:** മികച്ച അംഗൻവാടി ഹെൽപ്പർക്കുള്ള അവാർഡ് നേടിയ ആലുങ്കൽത്താഴെ അംഗൺ വാടിയിലെ ഹെൽപ്പർ വി. സുശീലയുമായി നടത്തിയ പ്രത്യേക അഭിമുഖം പ്രക്ഷേപണം ചെയ്തു.

**സനാഥബാല്യം:** അവധിക്കാലങ്ങളിൽ നടത്തുന്ന പോറ്റിവളർത്തൽ പദ്ധതിയിയെക്കുറിച്ചുള്ള പ്രത്യേക പരിപാടി.

**കൈ നീട്ടം:** വിഷുവിനോടനുബന്ധിച്ച് പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുത്തുവന്നു  എന്ന തിരുവചന സന്ദേശം ഉൾക്കൊണ്ട് ജീസസ് ഫ്രട്ടേണിറ്റി സംഘടന ജയിലുകൾ സന്ദർശിച്ചു തടവറ മക്കളുടെ മനസ്സുകളെ ശക്തിപ്പെടുത്തുകയും ജീവിതങ്ങളെ നവീകരിക്കുകയും ചെയ്യുന്നു. മാർച്ച് 31 ന് ലക്കിടി മൗണ്ട് സീനായ് ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികൾ ബഹു. സിബി പുളിക്കലച്ചന്റെ നേതൃത്വത്തിൽ വൈത്തിരി സബ്ജയിൽ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ബഹു. സിബി പുളിക്കലച്ചനും പരിപാടികൾ അവതരിപ്പിച്ചവർക്കും നന്ദി. ഈസ്റ്ററിനോടനുബന്ധിച്ച് ബത്തേരി അസംപ്ഷൻ പള്ളിയിലെ മിഷൻ ലീഗ് അംഗങ്ങൾ ബഹു. നിഖിൽ ചവരനാൽ അച്ചന്റെ നേതൃത്വത്തിൽ ഏപ്രിൽ 14 ന് വൈത്തിരി സബ്ബ് ജയിൽ സന്ദർശിച്ച് തടവറമക്കൾക്ക് മാനസിക ഉന്മേഷം നല്കി.  എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

പെസഹാതിരുനാൾ ദിനത്തിൽ മാനന്തവാടി ജില്ലാ ജയിലിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് തടവറയിൽ കഴിയുന്നവരുടെ പാദങ്ങൾ കഴുകി ചുംബിക്കുകയും സന്ദേശം നല്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിനെ എറെ നന്ദിയോടെ ഓർക്കുന്നു. അന്നേ ദിവസം തന്നെ ബഹു. ബിജോ കറുകപ്പള്ളിയച്ചൻ വി.കുർബാന അർപ്പിച്ചു തടവറയിൽ കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിച്ചു. ബഹു. നോബിൾ പാറയ്ക്കലച്ചൻ സഹകാർമ്മികൻ ആയിരുന്നു. പെസഹാ ദിനത്തിൽ ജില്ലാ ജയിലിലെ പരിപാടികൾ മനോഹരമായി ക്രമീകരിച്ച  ബഹു. ബിജോ കറുകപ്പള്ളിയച്ചനും അച്ചനോടൊപ്പം പ്രവത്തിച്ച ബഹു. സിസ്റ്റേഴ്സിനും അല്മായ സഹോദരങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു. തുടർന്നും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ്സ് ഫ്രട്ടേണി

**March-April 2019**

National Assessment and Accreditation Council, Bangalore the apex body of the UGC, assesses the performance of Higher Education Institutions after every five year based on the self study report submitted. Mary Matha Arts & Science College was well into the last phase of its III cycle of accreditation and completed all the formalities for the submission of the Self Study Report of the college. NAAC approved our DVV clarification and intimated us that the Peer Team visit would be scheduled on 29th and 30th of March 2019. College community, including the management whole heartedly worked and made all the arrangement for the visit leaving no stone unturned. As part of the infrastructural development, college successfully set up a new A/C conference hall and seminar hall.

The peer team consisted of PROF.WUDAYAGIRI RAJENDRA (Chairperson), Former Vice Chancellor of Sri Venkateswara University, Tirupati, PROF.K.K.AGARWAL (Member Co-ordinator) and DR ANJALI KULKARNI (Member). The peer team evaluated the report of the college and made meticulous assessment of the college activities. They gave us insightful comments and measures for the improvement of the college. The team specially recommended us to improve our academic performance and also to improve the status of administration. College got B++ Grade with 2.85 CGPA.

Subsequent to the retirement of Dr Savio James from the post of principal, Dr Maria Martin Joseph assumed the office as the principal on 31st March 2019, F.N.

The second semester university examination began on 8th April 2019.

Requesting your prayers and support to take the college to greater heights. Thank You.

**Dr Maria Martin Joseph**
Principal

# *Pastoral Centre Programme*



**May 2019**

| | | |
|---|---|---|
| 2 | - | C.M.L |
| 3 | - | Department of Catechism |
| 4 | - | Zion |
| 5 -8 | - | Marriage Preparation course |
| 9-12 | - | Department of Catechism (HCC) |
| 17-20 | - | Zion Retreat |
| 24-26 | - | DYM Retreat |
| 25 | - | Department of Catechism (H. M Conference) |
| 27-30 | - | Marriage Preparation course |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



***May 2019***

| | |
|---|---|
| *02 Thu ..................* | *Vestition SABS Sisters* |
| *03 Fri ...................* | *Out of Station* |
| *04 Sat ...................* | *Jubilee SH Sisters* |
| *05 Sun ..................* | *Dwaraka: Pastoral Centre* |
| *06 Mon ..................* | *Engaged* |
| *07 Tues .................* | *Manimooly: Diocesan Day* |
| *08 Wed ...................* | *Kooruthode: Ordination of Dn. Josekutty Powathil CSsR* |
| *09 Thu 10 Fri ..........* | *Out of Station* |
| *11 Sat ....................* | *Chulliyode: Blessing of the Cemetery* |
| | *Mullenkolly: Anniversary of Vincent De Paul Society* |
| *12 Sun ...................* | *Out of Station* |
| *13 Mon .................* | *Minor Seminary Interview* |
| *14 Tue ....................* | *Vestition of Major Seminarians* |
| | *Panamaram: Blessing of the Church* |
| *15 Wed ...................* | *Norbert House: Minor Orders* |
| *Afternoon .....* | *Convention of Retired Teachers* |
| *16 Thu ..................* | *Kelakam: First Holy Communion* |
| *17 Fri ....................* | *Out of Station* |
| *18 Sat ...................* | *Out of Station* |
| *19 Sun ...................* | *Kallumukku: First Holy Communion* |
| *Evening.....* | *Major Seminarians Gathering* |
| *20 Mon 21 Tue ......* | *Major Seminarians Gathering* |
| *22 Wed ..................* | *Vazahavatta: Ordination of Dn. Denish Kannukettiyil CSsR* |

| | | |
|---|---|---|
| *23 Thu* | ................... | *Kallody: Ordination of Dn. Philip Muppathil OSB* |
| *Afternoon* | .... | *Valad: Blessing of the Convent* |
| *24 Fri* | ...................... | *Out of Station* |
| *25 Sat* | ..................... | *Vincentgiri: Jubilee of the Sisters* |
| *27 Mon* | .................. | *Visitors' Day* |
| *28 Tue* | ..................... | *Kottiyoor: Blessing of the Convent - Providence Home* |
| *29 Wed* | ................... | *North Kerala Bishops' Meet* |
| *30 Thu* | .................... | *Out of Station* |
| *31 Fri* | ...................... | *Out of Station* |

***June 2019***

| | | |
|---|---|---|
| *01 Sat* | .................... | *Dwaraka: Radio Mattoli Anniversary* |
| *03 Mon* | .................. | *Visitors' Day* |
| *05 Wed* | ................... | *Dwaraka: Life Training Programme Inauguration* |
| *07 Fri* | ..................... | *Out of Station* |
| *08 Sat* | .................... | *Kallody: Blessing of the Presbytery* |
| *09 Sun* | .................... | *Dwaraka: Catechism Training* |
| *10 Mon* | ................... | *Tellicherry* |
| *11 Tue* | .................... | *Manimooly: Joint Curia Meeting* |
| *12 Wed* | .................... | *WSSS: Annual General Body Meeting* |
| *14 Fri* | ..................... | *Out of Station* |
| *16 Sun* | .................... | *Kalluvayal: Pastoral Visit* |
| *17 Mon* | .................. | *Visitors' Day* |
| *18 Tue* | .................... | *Meeting of Forane Vicars* |
| *20 Thu* | ................... | *Moolankavu: Blessing of the School* |
| *21 Fri* | ...................... | *Out of Station* |
| *23 Sun* | .................... | *Sisumala: Pastoral Visit* |
| *24 Mon* | .................... | *Kabanigiri* |
| *28 Fri* | ..................... | *Out of Station* |

• • •